൨൫	൬	൭	൫	൪൩	൯	൨൬	൮	൦	ക്രിസ്തൻ ജനിച്ചനാൾ.
൨൬	൬	൭	൫	൪൩	൧൦	൧൫	൮	൩൮	സ്തേഫാൻ.
൨൭	൬	൮	൫	൪൪	൧൧	൩	൯	൨൧	൪൫ ന. ഇടച്ചാഴി.
൨൮	൬	൮	൫	൪൪	൧൨	൫൨ ര	൧൦	൩	
൨൯	൬	൯	൫	൪൪	൧	൪൧	൧൧	൪൬	
൩൦	൬	൯	൫	൪൫	൨	൧	൧൨	൩൧ വ	
൩൧	൬	൯	൫	൪൫	൩	൧൬	൧	൧൭	

൨൭ ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിൽ അയച്ചിരിക്കകൊണ്ടു ദൈവസ്നേഹം നമ്മിൽ പ്രസിദ്ധമായി. ൧ യോഹ. ൪, ൯.

ഗ്രഹസ്ഥിതികൾ.

പരഹിതസിദ്ധം.

ഗ്രഹങ്ങൾ	ധനു				മകരം				കുംഭം				മീനം				മേടം				എടവം			
	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി
ചൊവ്വ	൯	൩	൪൪	൪൬	൧൦	൭	൩൩	൪൪	൧൧	൧	൧൫	൪൬	൧൧	൧൧	൨൯	൪൪	൦	൧൮	൨൯	൪൧	൧	൩	൩൪	൪൨
ബുധൻ	൯	൧൭	൨൨	൬	൯	൨൩	൩൯	൧൭	൧൦	൧൩	൩൩	൧൪൮	൦	൭	൫൦	൧൦൪	൧	൧൩	൨	൨൨൨	൨	൦	൩൨	൭൮
വ്യാഴം	൦	൧൯	൩൭	൨	൦	൨൧	൩൫	൩	൦	൨൫	൫൭	൧൦	൧	൩	൩൮	൧൨	൧	൦	൧൩	൧൪	൧	൧൬	൩൭	൧൪
ശുക്രൻ	൧൦	൫	൨൮	൭൨	൧൦	൦	൧൯	൧൮	൯	൨൮	൫൯	൭൬	൧	൧൪	൫൭	൫൭	൧	൪	൭	൨൭	൧	൨൯	൧൪	൩൨
ശനി	൮	൬	൫൯	൭	൭	൨൮	൫൪	൩	൭	൧൯	൪൬	൦	൮	൧	൩൫	൦	൭	൨൯	൧൧	൧	൭	൨൭	൪൭	൫. വ
രാഹു	൩	൬	൭	൩. വ	൩	൪	൩൫	൩. വ	൩	൩	൦	൩. വ	൩	൧	൨൪	൩. വ	൨	൨൯	൪൬	൩. വ	൨	൨൮	൪	൩. വ
ഗ്രഹങ്ങൾ	മിഥുനം				കക്കിടകം				ചിങ്ങം				കന്നി				തുലാം				വൃശ്ചികം			
	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി	രാശി	തിയ്യതി	ഇലി	ഗതി
ചൊവ്വ	൨	൧	൫൯	൩൮	൨	൨൨	൨൫	൩൭	൩	൧൧	൧൩	൩൬	൩	൨൮	൩൭	൩൪	൪	൧൫	൨൯	൩൧	൪	൨൯	൨൫	൨൪
ബുധൻ	൨	൨൬	൫൧	൧൮	൪	൨൩	൧൧	൯൧	൫	൨൨	൩൧	൬. വ	൫	൧൪	൨൦	൭൪	൬	൨൦	൨൫	൯൮	൮	൧൯	൧൯	൭൫
വ്യാഴം	൧	൨൩	൪൪	൧൨	൧	൨൯	൪൧	൯	൧	൧൧	൧൬	൫	൨	൫	൧൧	൧. വ	൨	൩	൪൪	൬. വ	൨	൦	൯	൮. വ
ശുക്രൻ	൧	൨൪	൩൪	൬൯	൩	൨	൨	൭൧	൩	൧൫	൪൫	൫൪	൪	൨൧	൩൮	൭൦	൫	൨൬	൪൦	൬൮	൭	൩	൩൬	൭൪
ശനി	൭	൨൫	൪൩	൪. വ	൭	൨൪	൩൯	൦	൭	൨൫	൧൮	൩	൭	൨൭	൧൮	൫	൭	൨൯	൪൫	൫	൮	൩	൧൦	൮
രാഹു	൨	൨൬	൨൬	൩. വ	൨	൨൪	൪൪	൩. വ	൨	൨൩	൫	൩. വ	൨	൨൧	൩൦	൩. വ	൨	൧൯	൫൭	൩. വ	൨	൧൮	൨൦	൩. വ

ഗ്ര ഹ ണ ം.*

൧. ജനുവരി ൧൭ാംനു- ഉച്ച തിരിഞ്ഞിട്ടു പൂൎണ്ണ ചന്ദ്രഗ്രഹണം സംഭവിക്കും.

ചന്ദ്രബിംബത്തിൻ ഭൂച്ഛായ സ്പൎശനം	മദ്ധ്യാഹ്നം	൯ മണി	൫൩ നിമിഷം
ഭൂച്ഛായയിൽ പ്രവേശം.	,,	൫ ,,	൫൩ ,,
സ്പൎശകാലം	,,	൩ ,,	൫൩ ,,
മദ്ധ്യകാലം	,,	൭ ,,	൯൫ ,,
മോക്ഷകാലം	,,	൮ ,,	൩൯ ,,
ഭൂച്ഛായ വിട്ടു നീങ്ങുന്നതു	,,	ൻ ,,	൩൫ ,,
പൂൎണ്ണമോചനം	,,	൧൦ ,,	൩൩ ,,

ഈ ഗ്രഹണം മലയാളികൾക്കു ൧ മണിക്കൂറും ൩൮ നിമിഷവും പൂൎണ്ണമായി കാണ്മാനാകും. ഗ്രഹണം ആകെ ഇരിക്കുന്ന സമയം ൩ മണിക്കൂറും ൩൫ നിമിഷവും തന്നെ. അന്നു ചന്ദ്രൻ നമ്മുടെ ക്ഷിതിജത്തിന്നു മേൽ ഉദിച്ചു പൊന്തുമ്പോൾ, ഉടനെ കിഴക്കെ സഹ്യമലയുടെ മീതെ ഭൂച്ഛായയാൽ മറഞ്ഞ ചന്ദ്രബിംബം കാണാറ്റുതും. ഗ്രഹണാരംഭം ഇവിടെ കാണുകയില്ല. ചന്ദ്രലംബം ൧. ൧൫൯ അംഗുലമാകും.

൨. ജനുവരി ൩൧ാംനു- ഉണ്ടാകുന്ന സൂൎയ്യഗ്രഹണം പാതാളഗ്രഹണം തന്നെ.

സ്പൎശകാലം	൧൯൮° ൨൯′ പ. നീ ൩൦° ൩൭′ തെ. അ.	ഉച്ചക്കുപിൻ	൩ മണി	൯൩ നിമിഷം
മദ്ധ്യകാലം	ൻ൭° ൯൦′ കി. നീ ൩ൻ° ൫൮′ തെ. അ.	,,	൮ ,,	൨൫ ,,
മോക്ഷകാലം	൩൦° ൩൧ കി. നീ ൯൨° ൯൧′ വ. അ.	,,	൧൦ ,,	൩ൻ ,,

ഗ്രഹണത്തിൻെറ അളവു ൫$_{III}$ അംഗുലം തന്നെ. ഈ ഗ്രഹണം ഇവിടെ അദൃശ്യമാകുന്നതിന്നു രണ്ടു കാരണങ്ങൾ ഉണ്ടു. ആയതു ദക്ഷിണാൎദ്ധഗോളത്തിൽ ദൃശ്യമാകുന്നതും ഗ്രഹണസ്പൎശനകാലത്തിന്നു ഒരു മണിക്കൂറ മുമ്പെ സൂൎയ്യൻ ഇവിടെനിന്നു അസ്തമിക്കുന്നതും കൊണ്ടാകുന്നു.

൩. ജൂൻ ൨ൻാംനു- ഉണ്ടാകുന്ന അല്പ സൂൎയ്യഗ്രഹണം ഇവിടെ അദൃശ്യമത്രെ.

സ്പൎശകാലം	൧൯൭° ൩൮′ കി. നീ. ൯൭° ൧൩′ തെ. അ.	ഉച്ചക്കുമുമ്പെ	൨ മണി	൫൨ നിമിഷം
മദ്ധ്യകാലം	൧൭൧° ൯൫′ പ. നീ. ൩൩° ൯൯′ തെ. അ.	,,	൯ ,,	൯൫ ,,
മോക്ഷകാലം	൧൩ൻ° ൫ൻ′ പ. നീ. ൯൨° ൫ൻ′ തെ. അ.	,,	൩ ,,	൩ൻ ,,

* അ = അകലപ്പടി (Latitude). നീ = നീളപ്പടി (Longitude). ° ഇലി (Degree). തെ = തെക്കു. വ = വടക്കു. കി = കിഴക്കു. പ = പടിഞ്ഞാറു എന്നറിയെണം.

കണ്മണി പോലെ എന്നെ കാത്തു, നിൻ ചിറകുകളുടെ
നിഴലിൽ എന്നെ മറെക്ക. സങ്കീ. ൧൭; ൮.

ഈ ഗ്രഹണത്തിൽ ച്ഛായയുടെ അളവു ൭||| അംഗുലം. അന്നു ചന്ദ്രച്ഛായ ദക്ഷിണാൎദ്ധഗോളത്തിൽ പതിക്കകൊണ്ടു ന്യൂസീലന്ത ഔസ്ത്രാല്യയുടെ തെക്കും ചുററുമുള്ള ദ്വീപുകൾ എന്ന ഈ സ്ഥലങ്ങളിൽ മാത്രം ഈ ഗ്രഹണം പ്രത്യക്ഷമാകും.

൪. ജൂലായി ൧൩ാംനു ഉണ്ടാകുന്ന പൂൎണ്ണചന്ദ്രഗ്രഹണം ഈ മലയാളത്തിലും പ്രത്യക്ഷമാകും.

ചന്ദ്രബിംബത്തിൻ ഭൂച്ഛായസ്പൎശനം അൎദ്ധരാത്രി	൦	മണി	൪൫	നിമിഷം
ഭൂച്ഛായയിൽ പ്രവേശനം	൧	,,	൪൩	,,
സ്പൎശകാലം	൨	,,	൪൩	,,
മദ്ധ്യകാലം	൩	,,	൩൩	,,
മോക്ഷകാലം	൪	,,	൨൩	,,
ഭൂച്ഛായ വിട്ടു നീങ്ങുന്ന കാലം	൫	,,	൨൩	,,
പൂൎണ്ണ മോചനം	൬	,,	൨൧	,,

ഈ ഗ്രഹണം ൧ മണിക്കൂറും ൪൦ നിമിഷവും നില്ക്കുകയും ചെയ്യും.

൫. ജൂലായി ൮ാംനു ഉണ്ടാകുന്ന അല്പ സൂൎയ്യഗ്രഹണം ഇവിടെ അദൃശ്യമത്രെ.

സ്പൎശകാലം	൧൪൧° ൨൦' പ. നീ. ൭൦° ൨൦' വ. അ.	ഉച്ച തിരിഞ്ഞിട്ടു	൩ മണി	൨൧	നിമിഷം
മദ്ധ്യകാലം	൧൬൮° ൫൪' കി. നീ. ൬൯° ൨൧' വ. അ.	,,	൪ ,,	൧	,,
മോക്ഷകാലം,	൧൩൨° ൬' കി. നീ. ൬൧° ൨൧' വ. അ.	,,	൪ ,,	൪൧	,,

ഈ ഗ്രഹണത്തിൻ ച്ഛായയുടെ അളവു ൧ അംഗുലമത്രെ.

൬. ദിസെംബർ ൨൨ാം നു ഉണ്ടാകുന്ന പൂൎണ്ണസൂൎയ്യഗ്രഹണം പാതാളഗ്രഹണമാകുന്നു.

സ്പൎശകാലം	൪൮° ൪' പ. നീ. ൩൫° ൩൮' പ. അ.	ഉച്ച തിരിഞ്ഞിട്ടു	൩ മണി	൧൨	നിമിഷം
മദ്ധ്യകാലം	൭° ൨൨' പ. നീ. ൩൬° ൨൮' വ. അ.	,,	൫ ,,	൨൬	,,
മോക്ഷകാലം,	൩൪° ൩൬' കി. നീ. ൨൬° ൪' വ. അ.	,,	൭ ,,	൪൦	,,

ഗ്രഹണവൎണ്ണനം.

ദൈവം താൻ സൃഷ്ടിച്ച ലോകങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്രമങ്ങളെ ശോധന ചെയ്തു അല്പം എങ്കിലും തിരിച്ചറിവാൻ ശ്രമിക്കുന്നതു പ്രയോജനമുള്ള കാൎയ്യമാകുന്നു. സൂൎയ്യചന്ദ്രാദിനക്ഷത്രങ്ങളും അവ ചരിക്കുന്ന വഴികളും അവയിൽ സംഭവിക്കുന്ന ഗ്രഹണവികാരങ്ങളും ഒക്കയും മഹത്വമുള്ള സൃഷ്ടാവിന്റെ കൈയിൽ നിന്നു പുറപ്പെട്ടകയും ഈ നാളോളം അവന്റെ കല്പനപ്രകാരം ഉദിക്കയും അസ്തമിക്കയും നയനം കഴിച്ചു വരുന്നതു മല്ലാതെ, മനു

ഷ്യപുത്രന്മാൎക്കു വിടാതെ അനുഗ്രഹം വരുത്തുന്ന വെളിച്ചങ്ങളായി ആകാശത്തിൽ പ്രകാശിച്ചുകൊണ്ടിരിക്കുന്നു. സൂൎയ്യനിലും ചന്ദ്രനിലും കൂടക്കൂട സംഭവിക്കുന്ന ഗ്രഹണങ്ങൾ നിമിത്തം ദൈവത്തെ അറിയാത്ത ബുദ്ധിഹീനരായ ജനങ്ങൾക്കു ഭയം ജനിക്കുന്നതകൊണ്ടു നാം മേലെഴുതിയ ആറു ഗ്രഹണങ്ങളെ ആധാരമാക്കി അവററെ ഗണിച്ചറിയേണ്ടതിന്നു ചില ക്രമങ്ങളെ കാണിച്ചു വിവരിപ്പാൻ നിശ്ചയിച്ചിരിക്കുന്നു.

൧. ചന്ദ്രൻ മാസം തോറും ഭൂമിയെ ചുററി സഞ്ചരിക്കുന്നതുകൊണ്ടും മാസത്തിൽ ഒരിക്കൽ സൂൎയ്യനും ഭൂമിക്കും നടുവിൽകൂടി കടന്നു പോകുന്നതുകൊണ്ടും മാസാന്തരം ഗ്രഹണം ഉണ്ടാകുന്നില്ലയൊ എന്നു ചോദിപ്പാൻ ഇട ഉണ്ടു. എങ്കിലും ചന്ദ്രസഞ്ചാരമാൎഗ്ഗത്തെ നല്ലവണ്ണം നോക്കി വിചാരിച്ചാൽ, അതു പൌൎണ്ണമി അമാവാസികളിൽ പലപ്പോഴും സൂൎയ്യന്റെയും ഭൂമിയുടെയും മദ്ധ്യെയുള്ള നേർരേഖയിൽ ഇരിക്കാതെ, വക്രിച്ചിരിക്കകൊണ്ടു, ഗ്രഹണമുണ്ടാകുവാൻ പാടില്ല. അമാവാസിയിൽ ചന്ദ്രൻ സൂൎയ്യന്റെയും ഭൂമിയുടെയും നടുവിൽകൂടിചെല്ലുന്നതിൽ ഭൂച്ഛായക്കു മീതെയൊ കീഴിലൊ ആയിരുന്നാൽ ഗ്രഹണത്തിന്നു സംഗതിയില്ല. വൎഷത്തിൽ രണ്ടു കുറി മാത്രം ചന്ദ്രൻ ഗ്രഹണസ്ഥാനത്തിരിക്കുന്നുള്ളു.

ചന്ദ്രപാതക്കും ഭൂപാതക്കുമുള്ള വ്യത്യാസമൊ ആയവ ഏകദേശം അയ്യഞ്ച ഇലിക്ക ചരിഞ്ഞു പകച്ചുചെല്ലുന്നതിനാൽ, അവ രണ്ടു സ്ഥലങ്ങളിൽ തമ്മിൽ ചേൎന്നു പോകും. അങ്ങിനെ ചേൎന്നു പോകുന്ന സ്ഥലങ്ങൾക്കു ക്രാന്തിപാതകൾ എന്നു ചൊല്ലുന്നു. ആ ക്രാന്തിപാതകൾ ഇരുഭാഗങ്ങളിലും ൧൮൦° കൊണ്ടു തമ്മിൽ ദൂരപ്പെട്ടു കിടക്കുന്നു. പൌൎണ്ണമി താൻ, അമാവാസി താൻ, ഈ ക്രാന്തിപാതകളിലൊ അവറേറാടു അടുത്തിരിക്കുന്ന ദിക്കിലൊ സംഭവിച്ചാൽ, ചന്ദ്രൻ ഭൂമിക്കു എതിരെ ഇരിക്കുന്ന സ്ഥലത്തിൽ വെച്ചു ഗ്രഹണം നിശ്ചയം.

മീത്തൽ കാണുന്ന രണ്ടു രേഖകളിൽ a. b എന്നതു ഭൂപാതാംശവും c. d എന്നതു ചന്ദ്രപാതാംശവും ആകുന്നു എന്നു വിചാരിക്ക.

എന്നാൽ o എന്നതു ഭൂചന്ദ്രന്മാരുടെ ക്രാന്തിസന്ധിയാകകൊണ്ടു അതിന്നു ക്രാന്തിപാത എന്നു പേർ നടപ്പായ്വന്നു. ആ ക്രാന്തിസന്ധികാലത്തിൽ ഭൂമി b എന്നതിലും ചന്ദ്രൻ d എന്നതിലും ഇരിക്കെ അമാവാസിയായാൽ, സൂൎയ്യഗ്രഹണം ഉണ്ടാകുവാൻ കഴികയില്ല. കാരണം ചന്ദ്രൻ ഭൂപാതയിൽനിന്നു അധികം ഉയരത്തിൽ കയറി ഇരിക്കകൊണ്ടു അതിന്റെ ച്ഛായ ഭൂമിമേൽ വീഴുക ഇല്ല. പിന്നെ ഭൂമി o എന്നതിലും ചന്ദ്രൻ c എന്നതിലും ഇരിക്കുന്ന സമയത്തിൽ പൌൎണ്ണമി സംഭവിച്ചാൽ, ചന്ദ്രഗ്രഹണവും ഉണ്ടാകയില്ല. അന്നു ചന്ദ്രൻ ഭൂച്ഛായയിൽനിന്നു അധികം കീഴിലായിരിക്കകൊണ്ടും ഭൂച്ഛായ ചന്ദ്രനിൽ തട്ടായ്കയാലും ഗ്രഹണം സംഭവിച്ചുകൂടാ. ചന്ദ്രൻ ഭൂപാതക്കു ൧/൧൮ ഇലി = ൫൦, ൫൦ നാഴിക ഉയരത്തിൽ കയറുകയൊ അത്ര ആഴത്തിൽ ഇറങ്ങുകയൊ ചെയ്യും. ഭൂപാത a. o എന്ന രേഖയുടെയും o. b എന്ന രേഖയുടെയും വല്ല സ്ഥലത്തിൽ ഇരിക്കുമ്പോൾ, അമാവാസിയൊ പൌൎണ്ണമാസിയൊ സംഭവിക്കാം. എന്നാൽ o എന്ന സ്ഥലത്തു വെച്ചു അമാവാസി സംഭവിച്ചാൽ, സൂൎയ്യനും ചന്ദ്രനും ഭൂമിയും ഏകസൂത്രത്തിൽ തന്നെ ഇരിക്കകൊണ്ടു, സൂൎയ്യഗ്രഹണം ഉണ്ടാകും. അവിടെ വെച്ചു ചന്ദ്രൻ ഭൂപാതയെ കടന്നു ഭൂമിയുടെയും സൂൎയ്യന്റെയും ഒത്ത നടുവിൽ കൂടി ചെല്ലുന്നതിനാൽ, പൂൎണ്ണഗ്രഹണം ഉണ്ടാകയും ചെയ്യും. എങ്കിലും, അമാവാസി താൻ, പൌൎണ്ണമാസി താൻ, o എന്ന സ്ഥലത്തെ അല്പം അകന്നിട്ടു സംഭവിച്ചാൽ, ഗ്രഹണം പൂൎണ്ണമാകുന്നില്ല. ചന്ദ്രൻ ഭൂപാതയിൽനിന്നു ഏറ്റം മേലൊ കീഴിലൊ നിന്നാൽ, o. a. b എന്ന ഈ ദിക്കുകളിൽ ഗ്രഹണം സംഭവിച്ചുകൂടാ. o തുടങ്ങി ഗ്രഹണങ്ങൾ സംഭവിപ്പാൻ കഴിയുന്ന സ്ഥലങ്ങളാവിതു:

സൂൎയ്യഗ്രഹണം	o ൧൫ ഉണ്ടാകും.	ചന്ദ്രഗ്രഹണം	o — ൯॥ നിശ്ചയം.
,,	,, ൧൫ — ൧൮ സാദ്ധ്യം.	,,	൯॥ — ൧൨ സാദ്ധ്യം.
,,	,, ,, ൧൮ അസാദ്ധ്യം.	,,	൧൨ — അസാദ്ധ്യം.

ഇപ്രകാരം സൂൎയ്യഗ്രഹണങ്ങൾക്കു ക്രാന്തിമണ്ഡലത്തിൽനിന്നു ഇരുഭാഗത്തിലേക്കുമുള്ള അതിർ ൧൮° തന്നെ. അതുകൊണ്ടു സൂൎയ്യഗ്രഹണപ്രദേശം ൩൬° വിസ്താരമത്രെ.

ചന്ദ്രഗ്രഹണങ്ങൾക്കു ക്രാന്തിമണ്ഡലത്തിന്റെ ഇരുഭാഗത്തിലേക്കും പന്ത്രണ്ടീതു ഇലികളാകുന്ന ൨൪° തന്നെ. സൂൎയ്യഗ്രഹണം അമാവാസി ക്രാന്തിയിങ്കൽ തന്നെ സംഭവിച്ചാൽ, അതു പൂൎണ്ണമാകും താനും. ചന്ദ്രൻ ക്രാന്തിമണ്ഡലത്തിൽനിന്നും o എന്ന സ്ഥല

ത്തിൽനിന്നും തന്റെ പരിവൎത്തനത്തിന്നു ൧/൪൮ അടുത്തിരിക്കുമ്പോൾ, അമാവാസിയായാൽ, പൂൎണ്ണസൂൎയ്യഗ്രഹണമുണ്ടാകും. എങ്ങിനെ എന്നാൽ: ചന്ദ്രപരിവൎത്തനപരിധിയുടെ അളവു ൩൨൫൦൦൦ നാഴിക ഇതിന്റെ നാല്പത്തെട്ടാമംശം ൬,൭൦ നാഴിക. ചന്ദ്രൻ ഒരു വിനാഴികയിൽ ൮ നാഴിക നടക്കുന്നതുകൊണ്ടു ൬൭൦ നാഴിക ചെല്ലുവാൻ ൧൪ മണിക്കൂറു വേണ്ടി വരും. അതുകൊണ്ടു ചന്ദ്രൻ ക്രാന്തിമണ്ഡലത്തെ കടന്നു പോകുന്നതിന്നു ൧൪ മണിക്കൂറ മുമ്പൊ പിമ്പൊ അമാവാസിയായാൽ പൂൎണ്ണഗ്രഹണം ഉണ്ടാകും.

ചന്ദ്രൻ അമാവാസിയിൽ ഭൂസാമീപ്യത്തിലും തന്റെ പരിവൎത്തനത്തിന്റെ ൧/൨൭ ആകുന്ന ൧൨൦൦൦ നാഴിക ദൂരത്തിലും ഇരുന്നാൽ പൂൎണ്ണഗ്രഹണം സംഭവിപ്പാൻ ഇട ഉണ്ടു. ൧൨൦൦൦ നാഴിക നടപ്പാൻ ചന്ദ്രന്നു ൨൫ മണിക്കൂറ ആവശ്യമാകകൊണ്ടു, അവൻ ക്രാന്തിമണ്ഡലത്തെ കടന്നു പോകുന്നതിന്നു ൨൫ മണിക്കൂറ മുമ്പൊ പിമ്പൊ അമാവാസിയായാൽ സംഭവിക്കുന്ന ഗ്രഹണം പൂൎണ്ണമാകും. ചന്ദ്രൻ തൻ പരിവൎത്തനത്തിന്റെ ൧/൧൮ ആകുന്ന ൧൮൦൦൦ നാഴിക ക്രാന്തിമണ്ഡലത്തിൽനിന്നു ദൂരമായിരിക്കുമ്പോൾ, അല്പഗ്രഹണം ഉണ്ടാകും. ൧൮൦൦൦ നാഴിക നടക്കേണ്ടതിന്നു ചന്ദ്രന്നു ൩൭॥ മണിക്കൂറ വേണ്ടിവരികകൊണ്ടു, അവൻ ക്രാന്തിയെ കടന്നു പോകുന്നതിന്നു ൩൭॥ മണിക്കൂറ മുമ്പൊ പിമ്പൊ ഗ്രഹണം പററുകയും ചെയ്യും.

ചന്ദ്രൻ ക്രാന്തിസന്ധിക്കു സമീപവും ദൂരവും ആകുന്നതിനാൽ ചന്ദ്രഗ്രഹണങ്ങൾ പൂൎണ്ണപൂൎണ്ണങ്ങളായി വരും. ക്രാന്തിസന്ധിയിൽ മാത്രം പൂൎണ്ണഗ്രഹണം സംഭവിക്കും. ചന്ദ്രൻ ഭൂമിക്കു അടുത്തൊ അകന്നൊ ഇരിക്കുന്നതു മേല്പറഞ്ഞ ഏററക്കുറവിന്നു കാരണമാകുന്നു. ഭൂമി സൂൎയ്യന്നു അടുത്തൊ അകന്നൊ നില്ക്കുന്നതിനാൽ, അതിന്റെ ഛായ വൎദ്ധിക്കയും കുറകയും ചെയ്യും. അതല്ലാതെ, ചന്ദ്രൻ ശരിയായി ഭൂച്ഛായയുടെ നീളത്തോടു കടന്നു പോയാൽ, അതിന്റെ ഗുരുലഘുത്വങ്ങൾ സംഭവിക്കും. ചന്ദ്രഗ്രഹണകാലത്തിൽ ചന്ദ്രൻ കടക്കുന്ന ഭൂച്ഛായയുടെ കുറുക്കളവു ൧൨൮൦ നാഴിക ആകുന്നു. ചന്ദ്രന്റെ വിട്ടം ൪൬൮ നാഴിക. എന്നാൽ ചന്ദ്രൻ ഒരു വിനാഴികയിൽ ൮ നാഴിക നടക്കകൊണ്ടു അതിന്റെ വ്യാസം ഛായയിൽ മറയേണ്ടതിന്നു ൫൮॥ വിനാഴിക വേണം. അപ്പുറത്തും ഭൂച്ഛായയെ വിടേണ്ടതിന്നു പിന്നെയും ൫൮॥ വിനാഴിക ആവശ്യം. ഇങ്ങിനെ

ആ ഓട്ടം ൧ മണിക്കൂറും ദ്ര നാഴികയും കൊണ്ടു തീരുന്നുള്ളു. എങ്കിലും ചന്ദ്രൻ ൧൨വ്വം നാഴിക നീളമുള്ള ഭൂച്ഛായയിൽ ൨ മണിക്കൂറും ർ൦ വിനാഴികയും ഇരിക്കും. ഇപ്രകാരം പൂൎണ്ണ ചന്ദ്രഗ്രഹണം സ്പൎശകാലം തുടങ്ങി മോക്ഷകാലം വരെ ർ മണിക്കൂറിൽ പരം ചെല്ലും. എന്നാൽ ഇതു കൃത്യമായ കണക്കത്രെ. ഭൂമി സൂൎയ്യനെ അടുത്തും അകന്നും പോകുന്നതുകൊണ്ടു ഭൂച്ഛായ മാറി മാറി പോകുന്നു. അതുകൊണ്ടു അതാതു ഗ്രഹണഗണിതത്തിൽ ചന്ദ്രൻ ഭൂച്ഛായയിൽനിന്നു എത്ര അകലും എന്ന നിശ്ചയം വരുത്തേണ്ടതാകുന്നു. പിന്നെ ഭൂമി സൂൎയ്യനു ദൂരപ്പെട്ടുമളവിൽ ചന്ദ്രനും ദൂരപ്പെടും. ചന്ദ്രനും ഭൂമിക്കും തമ്മിലുള്ള അകലപ്പാടാവിതു:

അ. പരമദൂരം ദ്രർന്നർ൦ നാഴിക. അപ്പോൾ ഭൂച്ഛായയുടെ നീളം ൧വ്വവ്വന്നർ൦ നാഴിക.

ഇ. മദ്ധ്യമദൂരം ദ്ര൧വ്വ൦൦ നാഴിക. അന്നു ഭൂച്ഛായയുടെ നീളം ൧വ്വദ്രർദ്രന്ധ നാഴിക.

ഉ. കനിഷ്ടദൂരം ർവ്വൻന്നൃ൦ നാഴിക. അന്നു ഭൂച്ഛായയുടെ നീളം ൧വ്വ൨ർ൦വ്വ നാഴിക.

ചന്ദ്രൻ പൌൎണ്ണമിയിൽ അടുത്തൊ അകന്നൊ നില്ക്കുമളവിൽ ചന്ദ്രഗ്രഹണം വൎദ്ധിക്കയും കുറകയും ചെയ്യും. ക്രാന്തിസന്ധിയിൽ തന്നെ നിന്നാൽ, ഗ്രഹണം പൂൎണ്ണമായും മദ്ധ്യത്തിലും സംഭവിക്കും. ക്രാന്തിസന്ധിയിൽനിന്നു ൧൨° ദൂരത്തിൽ വെച്ചു ചന്ദ്രന്റെ വെളുമ്പു ഭൂച്ഛായയെ സ്പൎശിക്കും. ൬° ദൂരത്തായാൽ, ഭൂച്ഛായ അതിനെ നല്ലവണ്ണം ആച്ഛാദിക്കും.



മേപ്പടി ചിത്രത്തിൽ 1. 2. 3. 4 എന്നവ ഭൂച്ഛായയും a. b. c. d എന്നവ ചന്ദ്രബിംബവും കുറിച്ചുകൊള്ളുന്നു. d എന്നതിൽ ചന്ദ്രൻ ഭൂച്ഛായയെ തൊടുകയും c എന്നതിൽ ക്രാന്തിസന്ധിയോടു അടുത്തതുകൊണ്ടു, ചന്ദ്രന്റെ ഒരു ഭാഗം ഭൂച്ഛായയിൽകൂടി ചെല്ലുകയും

ചെയ്യുന്നു. b എന്നതിൽ അത്ര അധികം സമീപിക്കയും, a എന്നതിൽ ക്രാന്തിസന്ധിയിൽ തന്നെ എത്തുകയും ചെയ്യു.

൨. അല്പസൂൎയ്യഗ്രഹണശേഷം പൂൎണ്ണചന്ദ്രഗ്രഹണവും അല്പചന്ദ്രഗ്രഹണശേഷം പൂൎണ്ണസൂൎയ്യഗ്രഹണവും ഉണ്ടാകുമല്ലൊ. നമ്മുടെ ഒന്നാം ചിത്രത്തിൽ o എന്ന ക്രാന്തിസന്ധിയിൽനിന്നു ചന്ദ്രമാൎഗ്ഗത്തെ ഒത്ത നടുവിൽ വിഭാഗിച്ചു പതിനാറീതു ഇലികൾ പിടിക്കുന്ന അംശങ്ങളാക്കി വെച്ചു. സൂൎയ്യഗ്രഹണത്തിന്റെ അതിർ o എന്ന ക്രാന്തിസന്ധി തുടങ്ങി ൧൮°, ൧൬° എത്തുന്നു. ഈ വൎഷത്തിലെ ജൂൻ മാസം ൨൰ാം ൹ അമാവാസി ക്രാന്തിസന്ധിയിൽനിന്നു ൧൮° o.b എന്ന ഭാഗത്തിൽ ഇരുന്നാൽ, സൂൎയ്യഗ്രഹണം ചെറുതാകും. കാരണം അന്നു ക്രാന്തിസന്ധിയിൽനിന്നു ൧൮° ദൂരത്തിൽ സൂൎയ്യനും ചന്ദ്രനും ഭൂമിയും ഒത്ത നേൎവ്വരയിൽ തന്നെ ഇരിക്കും. അപ്പോൾ ചന്ദ്രൻ അധികം കയറിയതുകൊണ്ടു, സൂൎയ്യന്നു മുഴുവൻ എതിരാകയില്ല. സൂൎയ്യന്റെ ഒരു ചെറിയ ഭാഗത്തെ മാത്രം മറക്കയും ചെയ്യും. പിന്നെ ജൂലായി മാസം ൧൫ാം ൹ സംഭവിക്കുന്ന പൌൎണ്ണമിയിൽ സൂൎയ്യനും ചന്ദ്രനും ഭൂമിയും വീണ്ടും സമവരിയിൽ എത്തും എങ്കിലും, അമാവാസി തൊട്ടു പൌൎണ്ണമി വരെ കഴിഞ്ഞ ൧൪½ ദിവസത്തിന്നകം ഭൂമിയും ൧൪½° മുന്നോട്ടു ചെന്നു ക്രാന്തിസന്ധിക്കു അടുത്തു. അതുകൊണ്ടു പൌൎണ്ണമി ക്രാന്തിപാതയിൽ ൧൮° ദൂരത്തിലല്ല, ക്രാന്തിസന്ധിയിൽ തന്നെ സംഭവിക്കും എന്നു പറവാൻ തക്കവണ്ണം സമീപിക്കകൊണ്ടു, പൂൎണ്ണചന്ദ്രഗ്രഹണം തന്നെ ഉണ്ടാകും.

ജനുവരി ൧൬ാം ൹ പൂൎണ്ണചന്ദ്രഗ്രഹണം സംഭവിക്കുന്നതിന്റെ കാരണമാവിതു: ചന്ദ്രൻ ക്രാന്തിസന്ധിയിൽ എത്തിയ ഉടനെ പൌൎണ്ണമി ആകും എങ്കിലും അതിന്റെ ശേഷം വരുന്ന അമാവാസിക്കിടെ ഭൂമി തന്റെ പാതയിൽ മുന്നോട്ടു ചെന്നു ക്രാന്തിസന്ധിയിൽനിന്നു a എന്ന സ്ഥലത്തെ കടന്നു ൧൪½° നടന്നതുകൊണ്ടു ക്രാന്തിസന്ധിയിൽ നിന്നു ൧൪½° ദൂരത്തിൽ വെച്ചു അമാവാസി സംഭവിക്കും. എന്നാൽ ൧൪½° എന്നിവ സൂൎയ്യഗ്രഹണഅതിൎക്കകത്തിരിക്കയാൽ, ജനുവരി ൩൧ാം ൹ സൂൎയ്യഗ്രഹണമുണ്ടാകും. എന്നാൽ അമാവാസി ക്രാന്തിസന്ധിയിൽനിന്നു ൧൪½° ദൂരം വെച്ചു സംഭവിച്ചതിനാൽ, അതു ഒർ അല്പ സൂൎയ്യഗ്രഹണം മാത്രം ആകുവാൻ കഴിയും.

൩. ഗ്രഹണങ്ങൾക്കു തമ്മിൽ അര വൎഷമല്ല, ൧൭൭ ദിവസം തന്നെ വ്യത്യാസം ഉണ്ടാകുന്നതിന്റെ കാരണമാവിതു: ചന്ദ്രൻ

ഭ്രമിയെ ചുററി ചലിക്കുന്ന പരിവൎത്തനത്തിൽ എപ്പോഴും ഒരേ സ്ഥലത്തു വെച്ചു ഭ്രമാൎഗ്ഗത്തെ കടന്നു വന്നു എങ്കിൽ, ഭ്രമി ഒരു സന്ധിയെ വിട്ടു മറെറതിൽ എത്തേണ്ടതിന്നു പാതി വത്സരം ശരിയായി വേണ്ടി വരും. ഗ്രഹണങ്ങളും അര വൎഷത്തിൽ ഒരിക്കൽ സംഭവിക്കും. എങ്കിലും ചന്ദ്രൻ ഭ്രക്രാന്തിയെ ഒരു സ്ഥലത്തു തന്നെ വെച്ചു വീണ്ടും കടക്കാതെ ഭ്രമിയെ ഒന്നു ചുററുന്നതിന്നിടയിൽ അല്പം പിൻവാങ്ങുന്നതിനാൽ, ഒരു വൎഷത്തിന്നകം ക്രാന്തിസന്ധിയിൽ ൨൰° പിന്നോട്ടു പോകുന്നു. ഇതു നിമിത്തം ക്രാന്തിസന്ധികൾ സൂൎയ്യനും ഭ്രമിക്കും നടുവെ ൨൰ ദിവസം മുമ്പെ ഏക സൂത്രത്തിൽ എത്തുന്നു. എന്നാൽ ആണ്ടിന്റെ ദിവസക്കണക്കായ ൩൬൫ എന്നതിൽ നിന്നു ൨൰ തള്ളിയാൽ ൩൪൬ ശേഷിക്കും. ഇതിന്റെ പാതി ൧൭൩ തന്നെ ആകകൊണ്ടു, ഗ്രഹണങ്ങൾ ൧൭൩ ദിവസത്തിനകം സംഭവിക്കയും ചെയ്യും. അതുകൊണ്ടു, ഇന്നു ഒരു ഗ്രഹണമുണ്ടായാൽ, ൧൭൩ ദിവസം കഴിഞ്ഞശേഷം, വീണ്ടും ഒന്നു സംഭവിക്കേണ്ടിയതു. ഒരു പൂൎണ്ണചന്ദ്രഗ്രഹണത്തിന്റെ ശേഷം ൧൭൩ ദിവസം കഴിഞ്ഞിട്ടു തിരികെ ഒരു പൂൎണ്ണചന്ദ്രഗ്രഹണവും, ഒരു അല്പ സൂൎയ്യഗ്രഹണ ശേഷം ൧൭൩ ദിവസം കഴിഞ്ഞിട്ടു വീണ്ടും ഒർ അല്പ സൂൎയ്യഗ്രഹണം ഉണ്ടാകും. ഇങ്ങിനെ ഈ വൎഷത്തിലെ ജനുവരി ൧൯ാം തിയ്യതിയും ജൂലായി ൧൩ാം തിയ്യതിയും സംഭവിക്കുന്ന പൂൎണ്ണചന്ദ്രഗ്രഹണങ്ങൾക്കും ജൂൻ ൨൭ാം തിയ്യതിയും ദിസെംബർ ൨൨ാം തിയ്യതിയും സംഭവിക്കുന്ന അല്പസൂൎയ്യഗ്രഹണങ്ങൾക്കും മദ്ധ്യെ ൧൭൩ ദിവസം കഴിഞ്ഞു കൊള്ളും.

ഗ്രഹണങ്ങൾ കൊല്ലം തോറും ൧൯ ദിവസം മുമ്പായിട്ടു സംഭവിക്കുന്നു എന്നും അവ എല്ലാവൎഷങ്ങളിൽ ഒത്ത സംഖ്യയായി വരാതിരിക്കുന്നു എന്നുമീസംഗതികളെ ദൈവം കൃപ ചെയ്താൽ, വരുന്ന സംവത്സരത്തിന്റെ പഞ്ചാംഗത്തിൽ വിവരിക്കും.

പൊൻനാണ്യം.

വിലാത്തിയിൽ റൈൻനദീതീരത്തു കൊലൊൻ എന്ന നഗരത്തിന്റെ സമീപത്തുള്ള ഒരു ഗ്രാമത്തിൽ മഹാദരിദ്രയായ വിധവ അഞ്ചു മക്കളുമായി പാൎത്തു. വസ്തുവും ധനവും ശ്രീത്വം ഏറിയ ബന്ധുക്കളും ഇല്ല, വിദ്യാകൌശലസാമൎത്ഥ്യങ്ങളുമില്ല എങ്കിലും ദൈവ

ത്തിൻകൃപാധനം, വിശ്വാസം, ജ്ഞാനം, അറിവു, സ്നേഹം എന്നിവകൊണ്ടു നിറഞ്ഞവളത്രെ. അവൾ ബഹു താഴ്മകൊണ്ടു ദൈവത്തിന്റെ മുമ്പിൽ നടന്നു അവന്റെ വചനം മുറുക പിടിച്ചും പിതാക്കന്മാരുടെ വാഗ്ദത്തങ്ങളിൽ ആശ്രയിച്ചും കൊണ്ടിരുന്നു. മക്കൾക്കു അന്നവസ്ത്രാദികളെ സമ്പാദിപ്പാൻവേണ്ടി അവൾ നിരന്തരമായി യത്നിച്ചു എങ്കിലും, പലപ്പോഴും മഹാഞെരുക്കത്തിൽ അകപ്പെട്ടുപോന്നു. അപ്പോൾ അവൾ മക്കളോടു: പ്രിയ കുഞ്ഞങ്ങളെ! അല്പം ക്ഷമിക്കെണം, നമ്മുടെ സ്വർഗ്ഗസ്ഥപിതാവു നമുക്കു ആവശ്യമുള്ളതെല്ലാം എത്തിച്ചു തരും എന്നു പറയും. രോഗം വന്നാലും എന്തു തന്നെ സംഭവിച്ചാലും ഈ വാക്കിനാലത്രെ അവൾ തന്റെ മക്കളെ ആശ്വസിപ്പിക്കും. അതുകൊണ്ടു അവളുടെ സ്വർഗ്ഗസ്ഥപിതാവു അവളെ ഓർത്തു. ഞാൻ പിതാവില്ലാത്തവനും വിധവക്കും അച്ഛനാകും എന്ന വാഗ്ദത്തത്തെ അവളിൽ നിവൃത്തിക്കയും ചെയ്തു. ഒരു ശീതകാലത്തിൽ അവൾ മഹാസങ്കടത്തിൽ അകപ്പെട്ടു ലോകത്തിൽ ഒരു സഹായവുമില്ലായ്കയാൽ, അഴിനില പൂണ്ടു നിന്നു. മക്കൾക്കു ഭക്ഷണത്തിന്നും ശീതം ശമിപ്പിക്കേണ്ടതിന്നും ഒരു വകയുമില്ല. കുട്ടികൾ വിശപ്പും ശീതവും സഹിയാഞ്ഞു അടുപ്പിനോടു ചേർന്നു നിലവിളിച്ചു കിടക്കും. ഈ സങ്കടം അമ്മ കണ്ടു ഹൃദയം ഉരുകിപോയാലും, ദൈവത്തിലെ വിശ്വാസം മാത്രം ഉപേക്ഷിയാതെ കുട്ടികളോടു അല്പം പൊറുപ്പിൻ! നമ്മുടെ സ്വർഗ്ഗസ്ഥപിതാവു നമുക്കു ആവശ്യമുള്ളതു എല്ലാം എത്തിച്ചു തരും എന്നു പറഞ്ഞു ആശ്വസിപ്പിച്ചു.

ഇങ്ങിനെ അവൾ ആശ്വസിപ്പിക്കയും ദൈവത്തെ നോക്കി പ്രാർത്ഥിച്ചുംകൊണ്ടിരിക്കുമ്പോൾ, ഒരു ദിവസം അവളുടെ ഒരു മകൻ അടുപ്പിൽനിന്നു വെണ്ണീറ മാന്തി എടുത്തപ്പോൾ, അതിൽ ഒരു നാണ്യം കണ്ടു സന്തോഷം കൊണ്ടു ആർത്തു അമ്മെ ഒരു പൈശ ഒരു പൈശ എന്നു പറഞ്ഞ ഉടനെ അമ്മ അതു വാങ്ങി തുടച്ചു നോക്കി അതു ഒരു പൊൻ തന്നെ എന്നു കണ്ടു ദൈവത്തെ സ്തുതിച്ചും കൊണ്ടു തട്ടാന്റെ അടുക്കൽ കൊണ്ടുപോയി കാണിച്ചു അതിന്റെ വില വാങ്ങി ഭവനത്തെ രക്ഷിക്കയും ചെയ്തു.

കുട്ടികളുടെ വിശപ്പിനെയും ശീതത്താൽ വന്ന വ്യസനങ്ങളെയും ശമിപ്പിച്ചശേഷം, അവൾ തുന്നുന്ന സൂചിയും നൂലും മററും വാങ്ങി ഓരോ വിശേഷമായ തുന്നൽപണിയെ തീർത്തു, അടുത്ത

ദിക്കുകളിൽ കൊണ്ടുപോയി വിററു പോന്നു. ഈ വിധത്തിൽ ദൈവം അവളെ വളരെ അനുഗ്രഹിച്ചതിനാൽ, അവളുടെ അവസ്ഥ നന്നായി വന്നു, ഒരു ചെറിയ കച്ചവടം നടത്തിപ്പാൻ കഴിവുണ്ടായി. പിന്നെ അവൾ നല്ല കഴിച്ചലുള്ളവളും അലംഭാവമുള്ളവളും ആകകൊണ്ടു, ധനം വൎദ്ധിക്കയും ചെയ്തു എങ്കിലും, മഹാസങ്കട ദാരിദ്ര്യങ്ങളിൽനിന്നു സഹായിച്ചു പരിപാലിച്ച ദൈവത്തെ സുഖകാലത്തിൽ മറക്കാതെ, നന്ദിയുള്ളവളായി സ്നേഹവാത്സല്യങ്ങളുടെ ദൈവം അനാഥയും വിധവയുമായ തന്നെ കനിഞ്ഞതു പോലെ ദരിദ്രൎക്കും അനാഥന്മാൎക്കും തന്നാൽ കഴിയുന്നേടത്തോളം തുണെച്ചു ഒരു നല്ല ദൃഷ്ടാന്തക്കാരത്തിയായി തീൎന്നു.

ആ നാണ്യം വിധവയുടെ അടുപ്പിൽ വന്നതു എങ്ങിനെ എന്നു ദൈവം മാത്രം അറിയുന്നു. ആയതു അവൾ കത്തിപ്പാൻ കിട്ടിയ ചുള്ളിയിൽ മറഞ്ഞതും മഹാസങ്കടകാലത്തിൽ കിട്ടി അതിനെ കണ്ടു എടുപ്പാൻ സംഗതി വന്നതു എല്ലാം സൎവ്വവും സൃഷ്ടിച്ചു താങ്ങി രക്ഷിച്ചുപോരുന്ന ദൈവം അവളുടെ പ്രാൎത്ഥന കേട്ടല്ലാതെ വരിക ഇല്ല. ദൈവത്തിൽ ആശ്രയിക്കുന്നവൻ ഒരു നാളും നാണിച്ചു പോകയില്ല എന്നുള്ള ദൈവവചനത്തിന്നു ഇപ്പറഞ്ഞതു ഒരു പുതിയ ദൃഷ്ടാന്തം എന്നെ വേണ്ടു.

അടിക്രമം.

അടിവാക്യം പ്രയോജനമുള്ളതാകകൊണ്ടു, ജോതിഷവിദ്യയിൽ കാണുന്ന ഒരു എളുപ്പക്രമമാവിതു: തന്റെ നിഴലിനെ സ്വന്ത കാലടികൊണ്ടു അളന്നു, കിട്ടിയ സംഖ്യയെ ഇരട്ടിച്ചു പുറപ്പെടുന്ന തുകയോടു ൧൧ കൂട്ടി സാധിക്കുന്ന ഫലം കൊണ്ടു ൨൫൦ എന്നതിനെ ഹരിച്ചാൽ കിട്ടുന്ന സംഖ്യ നാഴികയുടെ കണക്കു എന്നറിക. ഉച്ചക്കു മുമ്പെ സൂൎയ്യോദയം തുടങ്ങിയും ഉച്ചതിരിഞ്ഞിട്ടു അസ്തമാനത്തോളവും കണക്കു കൂട്ടേണ്ടിയതു. ഉദാഹരണം സ്വന്ത നിഴൽ ൧൦ അടി. ഈ ൧൦ അടിയെ ഇരട്ടിച്ചു ൨൦ ആക്കി. എന്നാൽ (൨൦+൧൧=൩൧. പിന്നെ ൩൧) ൨൫൦ (=൮ നാഴികയും ൨൪ വിനാഴികയും) എന്നു

തന്നെ. ഇതു ഉച്ചക്കു മുമ്പിലായാൽ സൂൎയ്യോദയശേഷവും, ഉച്ചതിരിഞ്ഞിട്ടെങ്കിൽ അസ്തമിപ്പോളവുമുള്ള നാഴിക കണക്കിനെ കാണിക്കയും ചെയ്യുന്നു.

ഉപ്പു ഉണ്ടാകുന്ന ക്രമവും പ്രയോഗവും.

മനുഷ്യനാകട്ടെ, യാതൊരു പ്രാണിയാകട്ടെ ഉപ്പു കൂടാതെ ജീവിപ്പാൻ കഴിക ഇല്ല. എല്ലാ ശരീരികൾക്കും ഉപ്പു അത്യാവശ്യം. വിലാത്തിയിൽ ഒരു സമയം കുലപാതകരെ കൊല്ലാതെ, തുറുങ്കിലാക്കി ഉപ്പില്ലാത്ത അപ്പവും വെള്ളവും മാത്രം ആഹാരമാക്കി പോഷിപ്പിച്ചപ്പോൾ, അവർ കുറയ ദിവസം ജീവിച്ചതെയുള്ളു. ഭൂമിയിൽ എല്ലാടവും പുഷ്പസസ്യാദികളിലും ഉപ്പു കലൎന്നിരിക്കകൊണ്ടു മനുഷ്യരും തൃണാദികൾ തിന്നുന്ന മൃഗങ്ങളും അതിനെ നിത്യം അനുഭവിക്കുന്നു. സസ്യങ്ങളിൽ ഉപ്പു പെരുകയും ധാന്യങ്ങളിൽ കുറകയും ചെയ്കനിമിത്തം അരി കോതമ്പു മുതലായ ധാന്യങ്ങളെ ഭോജ്യങ്ങൾ ആക്കുമ്പോൾ, ഉപ്പു ചേൎക്കേണ്ടി വരും. ഹിന്തുരാജ്യത്തിൽ ആണ്ടുതോറും ചെലവാകുന്ന ഉപ്പിന്റെയും നിവാസികളുടെയും സംഖ്യകളെ തമ്മിൽ ഒപ്പിച്ചു നോക്കിയാൽ, ഓരൊ നിവാസിയുടെ മേൽ ൧൨ റാത്തൽ വീതം വീഴും. ഇങ്ക്ലിഷ് രാജ്യനിവാസികളിൽ ഓരോരുവന്നു ൧൬ റാത്തൽ വേണ്ടിവരും എങ്കിലും അവർ ആഹാരത്തിന്നു മാത്രമല്ല, പല പ്രവൃത്തികൾക്കും കൂട ഉപ്പു പ്രയോഗിക്കുന്നു.

എന്നാൽ ഉപ്പു ലഭിക്കേണ്ടതിന്നു രണ്ടു വഴികൾ ഉണ്ടു. ഒന്നു സമുദ്രവെള്ളം കൊണ്ടും പിന്നെ ഭൂമിയുടെ ആഴത്തിൽ ഉപ്പു കല്ലു കൊണ്ടൊ ഉപ്പുവെള്ളം കൊണ്ടൊ ഉപ്പു കിട്ടുന്നതു. ഈ നാട്ടിലെ ഉപ്പു സമുദ്രജലത്തെ വെയിൽ ആററി ജനിപ്പിക്കുന്നതാകുന്നു. കടൽതീരത്തു പാൎക്കുന്നവർ ആയതിലെ വിളയിക്കുന്ന വിധം അറിയാമല്ലൊ അതുകൊണ്ടു രണ്ടാം വഴിയെ അല്പം വിസ്താരത്തിൽ വിവരിക്കാം. മിസ്രരാജ്യത്തിന്റെ തെക്കെ ഭാഗത്തിലും മഴ ദുല്ലഭമുള്ള വേറെ പല ദിക്കുകളിലും ഉപ്പുപാറകൾ ഉണ്ടു. അഫ്രിക്കയുടെ കിഴക്കൻ അംശങ്ങളിൽ കുടിയേറിയ ജനങ്ങൾ അവററിൽനിന്നു ചെറു ഖണ്ഡങ്ങളെ പൊട്ടിച്ചു നാണ്യത്തിന്നു പകരം പ്രയോഗിച്ചു വ്യാപാരം ചെയ്തുവരുന്നു. ഇങ്ക്ലാന്തിലും ഗൎമ്മാന്യയിലും ആവക ഉപ്പുപാറകൾ ഭൂമിയുടെ ഉള്ളിൽ മാത്രമെ കിടക്കുന്നുള്ളു.

ഈ ഒളിച്ചു കിടക്കുന്ന നിധി വെളിച്ചത്തു വരുന്ന വിധം ഈ ചിത്രത്തിൽനിന്നു കാണാം. ഇവിടെ വരച്ചിരിക്കുന്ന തുരംഗത്തിന്നു മൂന്നു നിലകൾ ഉണ്ടു. മീത്തലുള്ളതിന്റെ ഉപ്പു പാറ പല തുണ്ടകൾപോലെ തറിച്ചെടുത്തുറപ്പിച്ചിരിക്കുന്നു. ഈ തുരംഗത്തിൽനിന്നു ഉപ്പു തറച്ചു പൊടിച്ചു പീപ്പകളിൽ നിറച്ചു മേലോട്ടു വലിച്ചെടുക്കും. ഇങ്ങിനെ കിട്ടുന്ന ഉപ്പു വെണ്മയും വെടിപ്പുള്ളതും അങ്ങിനെ തന്നെ പ്രയോഗിപ്പാൻ തക്കതുമാകുന്നു. ആയതിനെ വേറെ ഒരു പ്രകാരത്തിൽ എടുക്കാം. ഉപ്പുകുന്നുകളിൽ കുഴിച്ചു വെള്ളം നിറച്ചു ആ വെള്ളം കുറുക്കി ഉപ്പാക്കും. അങ്ങിനെ കിട്ടുന്ന ഉപ്പു ഹിമം പോലെ നിൎമ്മലമായിരിക്കുന്നു.



എന്നാൽ ഉപ്പിനെ കൊണ്ടു ബഹു ആശ്ചൎയ്യവും ദിവ്യജ്ഞാനമഹിമളെ വെളിവാക്കുന്നതുമായ രണ്ടു കാൎയ്യങ്ങളെ ഓൎക്കേണ്ടതു.

൧. നമ്മുടെ ജീവന്നു ഉപ്പു അത്യാവശ്യമാകകൊണ്ടു അതു എല്ലാദിക്കുകളിലും സസ്യാദികളിലും മററും വ്യാപിച്ചു കിടക്കുന്നു.

൨. വിലാത്തിയിലെ രസവാദശാസ്ത്രികൾ ഉപ്പിനെ ഉററുനോക്കി പരീക്ഷിച്ചു, അതു രണ്ടു ഭൂതങ്ങളാൽ ഉളവാകുന്നു. എന്നു കണ്ടു.

ത്തു തന്നിയെ കവനാർത്ഥങ്ങളായ ഭൂതങ്ങൾ സൊഡിയം (sodium) എന്ന വെള്ളി പോലെ പ്രകാശിക്കുന്ന വസ്തുവും ക്ലൊരിൻ (chlorine) എന്നൊരുവക ധാതുവും തന്നെ. ക്ലൊരിൻ വളരെ വിഷഗുണമുള്ളതാകുന്നു. അതു താനെ വായുവെ പോലെ ഭൂമിമേൽ ചലിച്ചു എങ്കിൽ, എല്ലാം മൌനവും പാഴമായ്തീരും. പിന്നെ ഒരു പ്രാണിയും ജീവിപ്പാൻ കഴിക ഇല്ല. എങ്കിലും അതു വേറെ ഒരു ഭൂതത്തോടു ചേന്നിരിക്കകൊണ്ടു, അതു എല്ലാ ജീവികൾക്കും ഉപകാരവും പ്രയോജനവുമുള്ളതാകുന്നു. വിശുദ്ധദൈവം ഉപ്പിനെ കുറിച്ചു പറയുന്നിതു: "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു, ഉപ്പു തന്നെ രസമില്ലാതെപോയാൽ അതിനു എതിനാൽ രസം കൂട്ടെണ്ടതു. പുറത്തു കളഞ്ഞു മനുഷ്യരെ കൊണ്ടു ചവിട്ടിപ്പാനല്ലാതെ, മറെറാന്നിന്നും ഇനി കൊള്ളാവതല്ല".

ലവണം ഉത്തമം ഇതി സത്യം, കിന്തു യദി ലവണസ്യ ലവണത്വം അവഗച്ഛതി; തർഹി തൽ കഥം സ്വാദുയുക്തം ഭവിഷ്യതി? തദ ഭൂമ്യർത്ഥം ആലവാലരാശ്യർത്ഥമപി ഭദ്രം ന ഭവതി, ലൊകാസ്തദ് ബഹിഃ ക്ഷിപന്തി. യസ്യ ശ്രോതും ശ്രോത്രെ സ്തഃ സഃ ശൃണൊതു. ലൂക്ക. ൧൪, ൩൪, ൩൫.

൧൮൬൧ലെ ൨൩ാം നമ്പ്ര ആക്ട.

ഇന്ത്യാവിൽ ചട്ടനിർമ്മാണ സഭയാരാൽ ഉണ്ടാക്കപ്പെട്ടതു.

൧൮൬൧. അഗുസ്തുമാസം ൨൮ാംനു ഗവ്വണ്ണർജനരൽ അവർകൾ ഇതിനെ അംഗീകരിച്ചു.

റൊയൽ ചാർട്ടർ എന്ന ചട്ടപ്രകാരം സ്ഥാപിക്കാത്ത
സിവിൽ ന്യായാധികാരകോടതികളിലെ നടവടികളെ ലഘുവാക്കേണ്ടതിന്നുള്ള
൧൮൫൯ന്തിലെ ൮ാം നമ്പ്ര ആക്ട ഭേദം വരുത്തുവാനുള്ളൊരു ആക്ട.

രോയൽ ചാർട്ടർ എന്ന ചട്ടത്തിൻപ്രകാരം സ്ഥാപിക്കാത്ത സിവിൽ ന്യായാധികാര കോടതികളിലെ നടവടികളെ ലഘുവാക്കേണ്ടതിന്നുള്ള ൧൮൫൯ന്തിലെ ൮ാം നമ്പ്ര ആക്ടഭേദം വരുത്തുവാനും ആയതു ഭേദം വരുത്തി മുമ്പെ ഉണ്ടാക്കിയിരിക്കുന്ന ആക്ടുകൾ ഏകീകരിച്ചും കൊള്ളുന്നതു തക്കതായിരിക്കകൊണ്ടു, ഇതിനാൽ നിയമിക്കുന്നതാവിതു:

൧. ൧൮൫൯ന്തിലെ ൮ാം നമ്പ്ര ആക്കിന്റെ ൨൩, ൩൩, ൧൯൩, ൨൧൫, ൨൭൪, ൨൮൩, ൩൩൨, ൩൩൯, ൩൫൮, ൩൬൦, ൩൮൧ എന്നീ പകുപ്പുകളും, ആയാക്കിന്നു മാററം വരുത്തുന്ന ൧൮൬൧ലെ ൯ാം നമ്പ്ര

ആക്ടും റോയൽ ചാർട്ടർ പ്രകാരമുള്ള സുപ്രീം കോടതികളിലെ അധികാര അതിക്കു പുറമെ സ്മാൾകാസ (ചെറുകാൎയ്യ വിചാരണ) കോടതികൾ സ്ഥാപിപ്പാനുള്ള ൧൮൬൦ലെ ൪൨-ാം നമ്പ്ര ആക്ടിന്റെ ൧൦-ാം പകുപ്പും, ൧൮൫൯-ൽതിലെ ൮-ാം നമ്പ്ര ആക്ടുഭേദം വരുത്തുന്ന ൧൮൬൧-ാംതിലെ ൪൨-ാം നമ്പ്ര ആക്ടും ഇതിനാൽ ദുൎബ്ബലപ്പെടുത്തിയിരിക്കുന്നു.

൨. ൧൮൫൯-ൽതിലെ ൮-ാം നമ്പ്ര ആക്ടുപ്രകാരം അയപ്പാൻ ആവശ്യമായ ഓരോ സമൻ കല്പന മുതലായവ പ്രത്യേകമായി കോടതി മറ്റൊരു പ്രകാരം കല്പിക്കുന്നില്ലെങ്കിൽ, ആയതു അയപ്പാൻ അപേക്ഷിക്കുന്നവന്റെ ചെലവു കൊണ്ടു തന്നെ നടത്തേണ്ടതു. ആയതു നടത്തേണ്ടതിന്നു ആവശ്യമായ ചെലവിന്റെ മുതൽ ആയതു അയക്കുന്ന കോടതി നിശ്ചയിക്കുന്ന ഒർ അവധിക്കിടെ കല്പന മുതലായതു അയക്കും മുമ്പെ കോടതിയിൽ കെട്ടി വെക്കയും വേണം.

൩. ഭൂമിയെയൊ മറ്റും ഇളകാത്തവല്ല വസ്തുവെയൊ സംബന്ധിച്ചുള്ള യാതൊരു കാൎയ്യത്തിലാകട്ടെ, ഭൂമിയൊ മറ്റുവല്ല മുതലൊ ആ കോടതിയുടെ അധികാരഅതിക്കുള്ളിൽ ഉള്ളതല്ല എന്നൊ അല്ലെങ്കിൽ മറ്റു യാതൊരു കാൎയ്യത്തിലും വ്യവഹാരകാരണം ഉണ്ടായതൊ പ്രതിക്കാരൻ പാൎത്തുവരികയൊ ലാഭത്തിന്നായി വേല ചെയ്കയൊ കോടതിയുടെ അധികാര അതിക്കകത്തല്ല എന്നു കാണുകയൊ ചെയ്താൽ, തക്ക കോടതിയിൽ ബോധിപ്പിപ്പാനായി അന്യായഹൎജ്ജിയെ അന്യായക്കാരന്നു മടക്കി കൊടുക്കയും വേണം.

൪. വല്ല വ്യവഹാരത്തിൽ ഒന്നല്ല പല പ്രതിക്കാരുണ്ടാകയും ആ പ്രതികൾ എല്ലാം വ്യവഹാരം ചെയ്ത ദിവസം ചിലർ ഒഴിഞ്ഞും മറ്റവർ കോടതിയുടെ അധികാര അതിക്കു പുറമെ പാൎക്കയും ചെയ്താൽ, എല്ലാ പ്രതികളും ആ കോടതിയുടെ അധികാര അതിക്കകത്തു ഇരിക്കായ്കകൊണ്ടു, വ്യവഹാരത്തെ സ്വീകരിപ്പാൻ കഴിക ഇല്ല. എന്നാൽ ഡിസ്ത്രിക്തകോടതിയുടെ വല്ല കീഴ്കോടതികളിൽ വ്യവഹാരമാകുന്നു എങ്കിൽ, ആ ഡിസ്ത്രിക്തകോടതിയൊ സദർകോടതിയൊ ആ വ്യവഹാരം ആ കോടതികളുടെ കീഴുള്ളതും വ്യവഹാരത്തിന്റെ സലയുടെ അവസ്ഥപ്രകാരം വിസ്തരിപ്പാൻ അധികാരമുള്ളതും കോടതിയിൽ വിചാരണെക്കായി കല്പിക്കേണ്ടതാകുന്നു.

൫. ഒരു വ്യവഹാരത്തിന്നു പ്രതിക്കാരൻ ഹാജരായി ഉത്തരം

ബോധിപ്പിപ്പാൻ നിശ്ചയിച്ച ദിവസം സമൻ അയപ്പാൻ വേണ്ടിയ ചെലവിന്നു ആവശ്യമുള്ള മുതൽ കല്പിച്ച സമയത്തിന്നിടെ അന്ന്യായക്കാരൻ കെട്ടിവെക്കായ്കകൊണ്ടു, പ്രതിക്കാരന്നു സമൻ അയച്ചിട്ടില്ല എന്നു വന്നാൽ, വ്യവഹാരം നീക്കുവാൻ കോടതിക്കു കഴിയും. മേൽപറഞ്ഞ സമൻ പ്രതിക്കാരന്നു അയച്ചിട്ടില്ലെങ്കിലും, അവൻ ഹാജരായി ഉത്തരം കൊടുപ്പാൻ ഒരു കാൎയ്യസ്ഥനൊ വക്കീലൊ മുഖാന്തരം നിശ്ചയിച്ച ദിവസം ഹാജരാവാൻ സമ്മതിച്ചിരുന്നാൽ, ക്രമപ്രകാരം അധികാരമുള്ളൊരു കാൎയ്യസ്ഥൻ മുഖാന്തരമൊ താന്തന്നെയൊ കോടതിയിൽ ഹാജരുണ്ടായിരുന്നാൽ, അപ്രകാരം കല്പിപ്പാൻ പാടുള്ളതുമല്ല.

൬. മേൽപറഞ്ഞ പകുപ്പു അപ്പീൽകാൎയ്യങ്ങൾക്കും സംബന്ധം ഉണ്ടു.

൭. ഈ ആക്ടിന്റെ ൫ാം പകുപ്പിലെ ചട്ടങ്ങളിൻപ്രകാരം ഒരു വ്യവഹാരം എപ്പോഴെങ്കിലും നീക്കിയാൽ, വ്യവഹാരങ്ങടെ കാലഹരണനിയമങ്ങളാൽ വിരോധമില്ലെങ്കിൽ, അന്ന്യായക്കാരന്നു പുതുതായി വ്യവഹരിപ്പാൻ അവകാശമുള്ളതു മാത്രമല്ല, വ്യവഹാരം നീക്കുവാൻ കല്പിച്ചന്നു മുതൽ ൩൦ ദിവസത്തിന്നകം നിശ്ചയിച്ചയച്ച സമയത്തിന്നകത്തു താൻ മുതൽ കെട്ടി വെക്കാതിരുന്നതിന്നു തക്ക കാരണം ഉണ്ടായപ്രകാരം അന്ന്യായക്കാരൻ കോടതിക്കു സമ്മതം വരുത്തിയാൽ, ആദ്യം ഫയലാക്കിയ അന്ന്യായത്തിന്മേൽ തന്നെ തിരികെ ഒരു സമൻ അയക്കേണ്ടതിന്നു കോടതി കല്പിക്കയും ചെയ്യാം.

൮. പണം കൊടുപ്പാനുള്ള ഒരു വിധി നടത്തുകയിൽ വാറാണ്ടു പ്രകാരം ഒർ ആളെ പിടിച്ചു കോടതിയിൽ കൊണ്ടുവന്നശേഷം, ൧൮൫൯ ലെ ൮ാം നമ്പ്ര ആക്ടിന്റെ ൨൭൩ാം പകുപ്പിൽ പറഞ്ഞ രണ്ടാൽ ഒരു കാരണത്തിന്മേൽ അവൻ തന്നെ വിട്ടയപ്പാൻ അപേക്ഷിക്കുമ്പോൾ, അവന്റെ തല്ക്കാലാവസ്ഥയും പിന്നേതിൽ പണം വീട്ടുവാൻ അവന്നുള്ള വകയും തൊട്ടു അന്ന്യായക്കാരനൊ അവന്റെ വക്കീലൊ ഇരിക്കെ കോടതി അവനെ വിസ്തരിക്കയും പ്രതിക്കാരന്റെ വല്ല വസ്തുവിന്നു നേരെ അന്ന്യായക്കാരൻ ചെല്ലാതിരിക്കയും പ്രതിക്കാരനെ വിട്ടയക്കാതിരിപ്പാൻ സംഗതി എന്തു എന്നു അന്ന്യായക്കാരനോടു ചോദിക്കയും വേണം. ഇതിന്റെ ഹേതു തെളിയിപ്പാൻ അന്ന്യായക്കാരനു കഴിവില്ലെങ്കിൽ, പ്രതിക്കാരനെ തടവു കൂടാതെ, വിട്ടയപ്പാൻ കോടതി കല്പിക്കാം. ഇരു കക്ഷികളും പറ

യുന്നതു ചെയ്വാൻ ആവശ്യം എന്നു കോടതിക്കു തോന്നി, വല്ല അന്വേഷണം കഴിക്കുവോളം പ്രതിക്കാരനെ വാറാണ്ടു നടത്തിയ ഉദ്യോഗസ്ഥന്റെ പക്കൽ ആക്കി കാത്തുകൊൾവാൻ കോടതി കല്പിക്കാം. എന്നാൽ ആ ഉദ്യോഗസ്ഥന്റെ ഫീസ് പ്രതിക്കാരൻ അനാമത്തു വെക്കയും ആയതു കോടതിയിൽനിന്നു സമൻ മുതലായതു അയക്കുന്ന ഓരൊ ദിവസത്തിന്നു കണക്കാകുന്ന ചുരുങ്ങിയ വീതം പോലെ ആയിരിക്കയും വേണം. വല്ല അന്വേഷണം നടക്കുമ്പോഴെ ആവശ്യമാകുമ്പോൾ ഹാജരാകേണ്ടതിന്നൊ പ്രതിക്കാരൻ മതിയായ ജാമ്യം കൊടുക്കുകയും വാറാണ്ടിൽ പറഞ്ഞതു അവൻ ഹാജരാകാതിരുന്നാൽ, ജാമ്യക്കാരൻ നിശ്ചയിച്ച മുതൽ നിമിത്തം കോടതി അവനെ വിട്ടയക്കയും വേണം.

൯. വ്യവഹാരത്തിൽ ഒരു കക്ഷിയും, കക്ഷി കൊടുത്ത ഒരു സാക്ഷിയും അല്ലാത്ത ഒർ ആളെ തെളിവിന്നായി വിസ്തരിപ്പാൻ ആവശ്യം എന്നു കോടതിക്കു തോന്നിയാൽ ആയവനെ നിശ്ചയിച്ച ദിവസം സാക്ഷ്യത്തിന്നൊ അവന്റെ പക്കലുള്ള വല്ല രേഖകൾ നോക്കുവാനൊ അവനെ കോടതി തന്നെ വരുത്തുകയും, ഒരു സാക്ഷിയെ പോലെ വിസ്തരിക്കയും ചെയ്യാം. ആയവനെ സമൻ അയച്ചു വരുത്തുവാനുള്ള ചെലവു വ്യവഹാരത്തിലെ ഇരുകക്ഷിക്കാർ കൊടുക്കാതിരുന്നാൽ, കോടതിയുടെ കല്പന പ്രകാരം കലക്കട്ടർ അതിന്നെ കൊടുക്കയും വേണം. ആയതു വ്യവഹാരം ചെലവാകകൊണ്ടു, ഗവൎമ്മെണ്ടിലെയൊ കക്ഷികളിൽ ഒരുവന്റെയൊ അപേക്ഷപ്രകാരം, ആ വ്യവഹാരത്തിന്റെ മററു വല്ല ചെലവും കൊടുക്കും മുമ്പെ ആ വ്യവഹാരച്ചെലവുവകക്കായി കിട്ടിയ വല്ല മുതലിൽനിന്നു കൊടുക്കേണ്ടതാകുന്നു.

൧൦. അന്യായക്കാരനു കിട്ടുവാനുള്ള പണത്തിന്നു വേണ്ടി വ്യവഹാരം ആകുമെങ്കിൽ, വ്യവഹാര തീൎപ്പതിക്കു മുമ്പെയുള്ള യാതൊരു സമയത്തെക്കാകട്ടെ, മുതലിന്നു വിധിച്ച പലിശക്കു പുറമെ വ്യവഹാര നാൾ തുടങ്ങി വിധി ദിവസം വരെ വിധിക്കുന്ന മുതലിന്നു കോടതിക്കു യുക്തം എന്നു തോന്നുന്ന പലിശ കൂടെ കൊടുപ്പാൻ വിധിയിൽ കല്പിക്കയും ചെയ്യാം. അത്രയുമല്ല, അപ്രകാരം വിധിച്ച ആക തുകക്കും വ്യവഹാരച്ചെലവിന്നും വിധിച്ചന്നു മുതൽ മുതലടക്കുന്ന തീൎപ്പതി വരെയുള്ള സമയത്തിന്നു പലിശ കൊടുപ്പാൻ കൂട കല്പിക്കയും ചെയ്യാം.

൧൧. തീൎപ്പിലെ താല്പൎയ്യപ്രകാരം വിധി നടത്തുമ്പോൾ തീൎപ്പാന്നായി വെച്ചിരിക്കുന്ന വ്യവഹാര തിയ്യതിക്കു മുമ്പെ ഉണ്ടായ വല്ല അനുഭവത്തിന്റെ തുകയെ കുറിച്ചും ഒരു വ്യവഹാരത്തിന്റെ അവസ്ഥയാൽ ആ വ്യവഹാരം ചെയ്ത തിയ്യതിക്കും വിധിയുടെ തിയ്യതിക്കും മദ്ധ്യെ കൊടുപ്പാൻ ഉണ്ടായ വല്ല അനുഭവങ്ങളുടെയൊ പലിശയുടെയൊ തുകയെ കുറിച്ചുമുള്ള തൎക്കങ്ങളും വിധി മുതലായതിൻ പ്രകാരം മുതൽ കൊടുക്കുന്നതിലൊ ബോദ്ധ്യം വരുത്തുന്നതിലൊ കൊടുത്തിട്ടുള്ള പ്രകാരം പറയുന്ന സംഖ്യകളെ പററിയ തൎക്കങ്ങളും വിധിയായ വ്യവഹാരത്തിലെ കക്ഷികൾ തമ്മിൽ ഉണ്ടാകുന്നതും വിധി നടത്തുന്നതിനെ സംബന്ധിച്ചുള്ളതുമായ മറെറ തൎക്കങ്ങളും വിധി നടത്തിക്കുന്ന കോടതിയുടെ കല്പന പ്രകാരവും വെവ്വെറെ വ്യവഹാരം കൂടാതെ, തീൎച്ച വരുത്തേണ്ടതാകുന്നു. കോടതി കല്പിക്കുന്ന ആ വിധി അപ്പീൽ ചെയ്യത്തക്കതുമാകുന്നു. എന്നാൽ അപ്പീൽ ഹൎജിയും അപ്പീലിന്നു കാരണമായ കല്പനയും വായിച്ചെട്ടത്തു ആ കല്പന മാററുവാനുള്ള യാതൊരു സംഗതിയും കോടതി കാണാത്ത പക്ഷം അപ്പീൽ നീക്കുകയും ചെയ്യാം. അങ്ങിനെയുള്ള കാൎയ്യത്തിൽ അങ്ങിനെ നീക്കുവാനുള്ള കല്പന കല്പിക്കുന്നതിന്നു മുമ്പെ അപ്പീൽ പ്രതിക്കു നോട്ടിസ്സ അയപ്പാൻ ആവശ്യമില്ല.

൧൨. ൧൮൫൯ൽതിലെ ൮ാം നമ്പ്ര ആക്ടിന്റെ ൩൬൪ാം പകുപ്പ പ്രകാരം സ്വീകരിക്കത്തക്കതല്ലാത്തതായി ഉപേക്ഷിച്ചതൊ ഈ ആക്ട ഉണ്ടായതിന്നു മുമ്പെ സ്വീകരിക്കത്തക്കതല്ലായിരുന്നു എങ്കിലും ഈ ആക്ടകൊണ്ടു സ്വീകരിക്കത്തക്കതാക്കീട്ടുള്ളതൊ ആയ ഒരു വിധി നടത്തുന്നതിൽ കല്പിച്ച ഒരു കല്പനയിന്മേൽ വരുന്ന ഒരു അപ്പീൽ ആയതു ആദ്യം ഉപേക്ഷിച്ചതൊ ഈ ആക്ട ഉണ്ടാകുന്നതിന്നു മുമ്പെ ആയതു സ്വീകരിക്കത്തക്കതായിരുന്നാൽ, എടുപ്പാൻ അധികാരമുള്ള കോടതിയിലേക്കു എഴുത്തുമുഖേന ബോധിപ്പിച്ചാൽ അംഗീകരിക്കയും ചെയ്യാം. എന്നാൽ അങ്ങിനെ ബോധിപ്പിക്കുന്നതു ഈ ആക്ട ഉണ്ടായ തിയ്യതി മുതൽ ൯൦ ദിവസത്തിന്നകം വേണ്ടതാകുന്നു. ഇങ്ങിനെ ബോധിപ്പിക്കുന്നുവൊ ഏതു കോടതിയിലും ഹൎജി ബോധിപ്പിക്കുന്നുവൊ ആ കോടതിയിൽ ഹൎജികൾ മുദ്രക്കടലാസ്സ ആവശ്യമുള്ളപ്പോൾ, ആ തുകകൾക്കു നിയമിച്ചിരിക്കുന്ന മുദ്രകടലാസ്സിൽ എഴുതുകയും വേണം.

൧൩. ൧൮൬൧ലെ ൨൩ാം നമ്പ്ര ആക്ട പ്രകാരം നിശ്ചയിച്ച (ചില്ലറ വ്യവഹാരങ്ങൾ എടുപ്പാനുള്ള) സ്മാൾകാസ കോടതികളാൽ

എടുക്കാവുന്ന വിധമായും സലയായും ഉള്ള വല്ല വ്യവഹാരത്തിലും ഒരു വിധി കല്പിക്കുമ്പോൾ, ആ വിധി കല്പിക്കുന്ന കോടതി മേല്പറഞ്ഞപ്രകാരം നിശ്ചയിച്ച കോടതിയായിരുന്നാലാകട്ടെ, മററു വല്ല കോടതിയായിരുന്നാലാകട്ടെ വിധി കല്പിക്കുന്ന സമയം ഏതു കക്ഷിക്കു അനുകൂലമായ വിധി കൊടുക്കുന്നുവൊ ആ കക്ഷി വാക്കാലെ ബോധിപ്പിച്ചാൽ, മുതൽ കൊടുപ്പാൻ വിധിയായ ആൾ വിധി കല്പിക്കുന്ന കോടതിയുടെ അധികാര അതിൎക്കകത്തുണ്ടെങ്കിൽ, അയ്യാളുടെ മേലൊ ആ അതിൎക്കകത്തു അയ്യാൾക്കുള്ള ജംഗമമായ മുതലിന്മേലൊ ഉടനെ ആ വിധി നടത്തിപ്പാനായി ഒരു വാറാണ്ടു അയച്ചു കല്പിക്കയും ചെയ്യാം. മുതൽ കൊടുപ്പാൻ വിധിച്ചവന്റെ ജംഗമമായ മുതലിന്റെ നേരെ ആകുന്നു വാറാണ്ടു അയച്ചിരിക്കുന്നതു എങ്കിലും, അതു ആ കോടതിയുടെ അധികാര അതിൎക്കകത്തു ഉൾപ്പെട്ടതായി കണ്ടെത്തുന്ന അവന്റെ ഏതുവിധവുമുള്ള ജംഗമമായ മുതലിന്നു നേരെയൊ, അല്ലെങ്കിൽ ആ അതിൎക്കകത്തു അവന്റെ വകയായി വിധിവക മുതൽ വാങ്ങാനുള്ളവൻ കാണിച്ചുകൊടുക്കുന്ന വല്ല ജംഗമമായ മുതലിന്നു നേരെയൊ ആയിരിക്കേണ്ടുന്നതാകുന്നു.

൧൪. ഒരു വിധി നടത്തുന്നതിൽ വിററ നിലം സൎക്കാർ നികുതി പിരിക്കുന്നതു എളുപ്പമാക്കുവാനും പട്ടിദാരി നിലങ്ങളുടെ സൎക്കാരനികുതി ബാക്കി ബസൂലാക്കുന്നതിന്നായി ലേലത്തിൽ വിറെറടുപ്പാനായി നിശ്ചയിച്ച അവകാശം വിവരിപ്പാനുള്ള ൧൮൪൧ലെ ൧൨ാം നമ്പ്ര ആക്ടു ൨ാം പകുപ്പിൽ വിവരിച്ചിരിക്കുന്നപ്രകാരം സൎക്കാർ നികുതിയുള്ള പട്ടിദാരി നിലങ്ങളുടെ ഒർ ഓഹരിയായിരിക്കുമ്പോൾ, ആ ഓഹരി ഒരു അന്യന്നു കൊടുത്തു പോയാൽ, മുതൽ കൊടുപ്പാൻ വിധിയായിരിക്കുന്നവനല്ലാത്ത യാതൊരു കൂട്ടപങ്കുകാരനാകട്ടെ, ആ സംഘത്തിലെ മററ യാതൊരു ആളാകട്ടെ, ആ ഓഹരി എന്തു വിലക്കു വിററുവൊ ആ സംഖ്യക്കു എടുപ്പാനായി ബോധിപ്പിക്കയും ചെയ്യാം. എന്നാൽ അങ്ങിനെ ബോധിപ്പിക്കുന്നതു വില്ക്കുന്ന ദിവസം വേണ്ടതും ബോധിപ്പിക്കുന്നവൻ ലേലത്തിലെ നിശ്ചയങ്ങൾ പ്രകാരം ഒക്കയും നടക്കേണ്ടതും ആകുന്നു.

൧൫. ൧൮൫൯ൽതിലെ ൮ാം നമ്പ്ര ആക്ടിന്റെ ൧൯൦ാം പകുപ്പിൽ പറഞ്ഞ വിവരങ്ങളൊ ആ കാൎയ്യത്തിന്നു സംബന്ധമാകുന്ന ആ വിവരങ്ങളിൽ ഏതാനുമൊ അടങ്ങിയിരിക്കുന്ന ഒരു വിധി നടത്തി

കൊടുപ്പാനുള്ള വല്ല അപേക്ഷയും വന്നാൽ, വ്യവഹാരത്തിന്റെ രജിസ്ത്രിൽ ആ അപേക്ഷയുടെ സാരവും അതു ബോധിപ്പിച്ച തിയ്യതിയും കോടതി ചേൎത്തു വെക്കേണം. ആ വിവരങ്ങൾ ആദ്യവിധിക്കു അനുസരണമുള്ളവയല്ല എന്നു കോടതി കണ്ടാൽ, തെറ്റു തീൎപ്പാനായി അതിനെ ബോധിപ്പിച്ച ആൾക്കു മടങ്ങി കൊടുക്കയൊ അവന്റെ സമ്മതത്തോടു കൂടി ആയതിനെ ആവശ്യമായപ്രകാരം നന്നാക്കിക്കയൊ ചെയ്യേണ്ടതാകുന്നു. ആ അപേക്ഷ സ്വീകരിക്കുന്ന പക്ഷം അതിന്റെ സ്വാഭാവികാവസ്ഥ പോലെ വിധി നടത്തി കൊടുപ്പാനായി കോടതി കല്പന കൊടുക്കയും വേണം.

൧൬. യാതൊരു കോടതിയിലും വല്ല കാൎയ്യത്തിലും ഇന്ത്യയിലെ ശിക്ഷാനിയമത്തിന്റെ ൧൯൩, ൧൯൪, ൧൯൫, ൧൯൬, ൧൯൯, ൨൦൦ ൨൦൫, ൨൦൬, ൨൦൭, ൨൦൮, ൨൦൯, ൨൧൦ എന്നീപകുപ്പുകളിൽ ഏതിലും പറഞ്ഞിരിക്കുന്ന ഒരു കുറ്റം ഒരു സാക്ഷിക്കാരനാകട്ടെ, മറ്റു യാതൊർ ആളാകട്ടെ ചെയ്തപ്രകാരം കോടതി കണ്ടാൽ, അവന്റെ കുറ്റം വിസ്തരിപ്പാനായി അവനെ സെഷൻ കോടതിമുമ്പാകെ കമ്മിട്ടാക്കുകയൊ ആവശ്യമായ അന്വേഷണം കഴിച്ചു ആരോപിക്കപ്പെട്ട കുറ്റത്തിന്നു ആയവനെ വിസ്തരിക്കയൊ വിസ്തരിപ്പാനായി കമ്മിട്ട ചെയ്കയൊ ചെയ്വാൻ അധികാരമുള്ള വല്ല മെജിസ്ത്രേട്ടിന്റെ അടുക്കെ വിസ്താരത്തിന്നായി ആ കാൎയ്യം അയക്കുകയൊ ചെയ്കയുമാം. അതിന്റെ ശേഷം ആ മെജിസ്ത്രേട്ട് നിബന്ധനപ്രകാരം നടക്കുകയും വേണം.

൧൭. കോടതി കുറ്റം ആരോപിക്കപ്പെട്ടവനെ മെജിസ്ത്രേട്ടിന്റെ മുമ്പാകെ പാറാവായിട്ടു അയക്കുകയൊ മെജിസ്ത്രേട്ടിന്റെ മുമ്പാകെ ഹാജരാവാനായിട്ടു അവനോടു മതിയായ ജാമ്യം വാങ്ങുകയൊ ചെയ്യുന്നത കൂടാതെ, മെജിസ്ത്രേട്ടിന്റെ മുമ്പാകെ ഹാജരായി സാക്ഷി പറവാനായി യാതൊർ ആളോടും താക്കീത ചെയ്യാം.

൧൮. കോടതിയിൽനിന്നു കമ്മിട്ട ചെയ്യുമ്പോൾ, ക്രിമിനാൽ ക്രമനിയമത്തിന്റെ ൧൩-ാം അദ്ധ്യായത്തിൽ നിശ്ചയിച്ചിരിക്കുന്ന മാതിരി ഒരു കുറ്റപത്രം ഉണ്ടാക്കി ആയതു കമ്മിട്ട ചെയ്വാനുള്ള കല്പനയും ആ കാൎയ്യത്തിലെ റിക്കാൎട്ടും ഒന്നിച്ചു മെജിസ്ത്രേട്ടിന്നു അയക്കയും ആ മെജിസ്ത്രേട്ട ആ കാൎയ്യത്തെ അന്യായപ്രതിസാക്ഷികളോടു കൂടി സെഷൻ കോടതിമുമ്പാകെ അയക്കയും വേണം.

൧൯. യാതൊരു കോടതിയിലും വല്ലകാൎയ്യത്തിലും തെളിവിന്നായി കൊടുത്ത വല്ല ആധാരത്തിന്റെയൊ മറ്റൊ അവസ്ഥയാൽ

ബോധിപ്പിക്കാവുന്ന ഇന്ത്യയിലെ ശിക്ഷാനിയമത്തിന്റെ ൪൬൬, ൪൭൦, ൪൮൦, ൬൬൩ എന്നീ പകുപ്പുകളിൽ യാതൊന്നിലും പറഞ്ഞ ഒരു കുററം മെജിസ്ത്രേട്ടിന്റെ അടുക്കെ വിസ്താരത്തിന്നു അയപ്പാൻ കോടതി മതിയായ കാരണം കാണുമ്പോൾ, കുററം ആരോപിക്കപ്പെട്ടവനെ മെജിസ്ത്രേട്ടിന്റെ അടുക്കെ കോടതി ബന്തോവസ്തായിട്ടു അയക്കുകയൊ, മെജിസ്ത്രേട്ടു മുമ്പാകെ ഹാജരാവാനായിട്ടു അവനോടു മതിയായ ജാമ്യം വാങ്ങുകയൊ ചെയ്യാം. ആ കുററത്തെ പററിയ തെളിവും ആധാരങ്ങളും കോടതി മെജിസ്ത്രേട്ടിന്നു അയക്കുകയും ആ മെജിസ്ത്രേട്ടിന്റെ അടുക്കെ ഹാജരായി സാക്ഷി പറവാൻ യാതൊർ ആളോടും താക്കീത ചെയ്കയും വേണം. ആ വക കുററപത്രത്തെ മെജിസ്ത്രേട്ടു കൈക്കൊണ്ടു, ആ സമയം നടക്കുന്ന നിയമങ്ങളിൻപ്രകാരം അതിനെ കുറിച്ചു വേണ്ടുന്നതിനെ ചെയ്യേണം.

൨൦. ഈ ആക്ടിന്റെ പതിനാറാമത്തിന്റെയൊ പത്തൊമ്പതാമതിന്റെയൊ പകുപ്പുപ്രകാരം ഉണ്ടാകുന്ന യാതൊരു കാൎയ്യത്തിലാകട്ടെ, കുററം ചുമത്തപ്പെട്ടവനോ കുററം ചുമത്തപ്പെട്ടവരിൽ ഒരുവനൊ ഒരു യൂരോപ്യൻ ബ്രിട്ടിഷ കുലജാതൻ ആകുന്നു എങ്കിൽ, കുററം ചുമത്തപ്പെട്ട ആളെ ന്യായാധികാരമുള്ള സുപ്രീംകോടതിമുമ്പാകെ വിസ്താരത്തിന്നായി കമ്മിട്ടു ചെയ്യാനൊ അവനോടു ജാമ്യം വാങ്ങുവാനൊ അധികാരമുള്ള ഒർ ഉദ്യോഗസ്ഥന്റെ മുമ്പാകെ ആയവനെ കോടതി ബന്തോവസ്തായിട്ടു അയക്കുകയൊ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരാവാനായിട്ടു അവനോടു മതിയായ ജാമ്യം വാങ്ങുകയൊ വേണം. ആ ഉദ്യോഗസ്ഥനും നിബന്ധനപ്രകാരം കാൎയ്യം നടത്തിക്കേണ്ടതാകുന്നു.

ഈ ആക്ടിന്റെ ശിഷ്ടം പകുപ്പുകളെ വരുന്ന കൊല്ലത്തിന്റെ പഞ്ചാംഗത്തിൽ വിവരിക്കയും ചെയ്യും.

വാതുക്കൽ മുട്ടുന്ന പരദേശി.

എന്റെ യാത്രകളിൽ ഞാൻ ഒരു ഗ്രാമത്തിൽ എത്തി എററവും ഭംഗിയും വലിയതുമായ വീടു കണ്ടു. അവിടത്തെ കളങ്ങൾ കരയങ്ങളാലും പറമ്പുകൾ അനവധി തേങ്ങാക്കൂടകളാലും ആലകൾ പുഷ്ടിയുള്ള കന്നുകാലികളാലും ഗംഭീരമേറിയ കുതിരകളാലും നിറഞ്ഞവ തന്നെ. ആ വീട്ടടയവൻ ഒരു വലിയ പ്രമാണിയും മഹിമയുള്ള

ജന്മിയും അനേകം പരിചാരകന്മാരാൽ സേവിതനുമായി സുഖേന ദിവസവൃത്തി കഴിച്ചു പോരുന്നവൻ. അന്നു അവൻ തന്റെ നിലങ്ങളെയും തോട്ടങ്ങളെയും ചെന്നു കണ്ടു ഉല്ലസിച്ചു, മുത്താഴം കഴിച്ചു, സൌഖ്യത്തോടെ പാൎത്തു. പിന്നെ ഞാൻ ആ വഴിയായി മടങ്ങി പോരുമ്പോൾ, ഒരു വഴിപോക്കൻ ആ പ്രമാണിയുടെ വാതുക്കൽനിന്നു മുട്ടിക്കൊണ്ടിരുന്നു. ഞാൻ അവന്റെ മുഖം നോക്കി അവൻ സ്നേഹവും കരുണയും നിറഞ്ഞവൻ എന്നു കണ്ടു, അല്ലയോ സഖെ! വീട്ടുടയവൻ അകത്തുണ്ടു. അവൻ നിങ്ങളെ വ്യൎത്ഥമായി അയക്കയില്ല; അവന്റെ വാതുക്കൽ ചെല്ലുന്നവർ ആരും വെറും കൈയോടെ പോകയില്ല നിശ്ചയം എന്നു പറഞ്ഞു. പിന്നെ ഞാൻ എന്റെ യാത്രക്കു പുറപ്പെട്ടു കാലക്രമേണ ആ സ്ഥലത്തേക്കു തിരിച്ചു ചെന്നെത്തിയപ്പോൾ, ആ വഴി പോക്കൻ പ്രമാണിയുടെ വാതുക്കൽ മുട്ടിക്കൊണ്ടു നില്ക്കുന്നതിനെ കണ്ടു, അതിശയിച്ചു, അവന്റെ അരികത്തു ചെന്നു നിന്നു. വീട്ടുടയവൻ പക്ഷേ കണക്കു എഴുതുകയൊ, ഗ്രന്ഥം വായിച്ചു വല്ല കാൎയ്യം നോക്കുകയൊ ചെയ്യുമായിരിക്കും. വാതുക്കൽ കുറെ തിണ്ണം മുട്ടുവിൻ എന്നാൽ അവൻ കേൾക്കും. നിങ്ങൾ ഈ കാലം ഒക്കയും ഇത്ര ക്ഷാന്തിയോടെ വാതുക്കൽനിന്നു മുട്ടിയല്ലൊ, ഞാൻ ഇപ്രകാരം മുട്ടീട്ടു വിളി കേൾക്കാഞ്ഞാൽ, വെറുപ്പു പിടിച്ചു പോകും എന്നു പറഞ്ഞു.

അപ്പോൾ വഴിപോക്കൻ അല്ലയൊ സ്നേഹിതാ! ഈ തറവാട്ടിന്നു ഭയങ്കരമായ ഒരു അത്യാപത്തു വരുന്നുണ്ടു. ആയതിനെ ഗൃഹസ്ഥനോടു മുമ്പു കൂട്ടി അറിയിക്കേണ്ടതിന്നു ഞാൻ ഈ വാതുക്കൽനിന്നു മുട്ടുന്നു എന്നു പറഞ്ഞു, അധികം ഉറക്കെ മുട്ടി തുടങ്ങിയാറെ, ഞാൻ അവിടം വിട്ടു പ്രയാണം ചെയ്തു പല കാലം ചെന്ന ശേഷം ആ ദിക്കുകളിൽ സഞ്ചരിച്ചു ആ സ്ഥലത്തു എത്തിയപ്പോൾ, വഴിപോക്കൻ ഒരു നീരസവും കൂടാതെ, ആ വാതുക്കൽ തന്നെ മുട്ടിക്കൊണ്ടു നില്ക്കുന്നതിനെ കണ്ടു, അല്ലയോ തോഴ! ഞാൻ ഇന്നെയോളം കണ്ട സകലരുടെ സ്വഭാവത്തേക്കാൾ നിങ്ങടെ സ്വഭാവം മഹാ ആശ്ചൎയ്യമുള്ളതാകുന്നു. ഇപ്രകാരം എത്ര സമയത്തോളം നിന്തിരുവടി ഈ വാതുക്കൽ മുട്ടിക്കൊണ്ടിരിക്കും എന്നു ചോദിച്ചതിന്നു കേൾക്കും വരെ തന്നെ എന്നു അവൻ പറഞ്ഞു, വീണ്ടും മുട്ടിത്തുടങ്ങി.

പിന്നെ ഞാൻ ഈ തറവാട്ടുകാരനു കേൾപ്പാൻ ആവശ്യമില്ല, അവനു വളരെ ധനവും കുഞ്ഞുകുട്ടികളും കന്നുകാലികളും വിദ്യാകൌ

ശലങ്ങളും ഉണ്ടു എന്നു പറഞ്ഞപ്പോൾ, വഴിപോക്കൻ അതെ, ദൈവം കൃതഘ്നൎക്കും ദയയുള്ളവനാകുന്നു എന്നു ചൊല്ലി. പിന്നെയും വാതുക്കൽ മുട്ടിക്കൊണ്ടിരുന്നു. ഞാനൊ അവൻെറ സല്ഗുണത്തെയും ദീൎഘക്ഷാന്തിയെയും വിചാരിച്ചു കൊണ്ടു, എൻെറ വഴിക്കു പോയി.

പിന്നെ ഒരു നാൾ കൊടുങ്കാററ അടിക്കയും ഇടി മുഴങ്ങുകയും വന്മാരി പെയ്കയും ചെയ്ത സമയത്തിൽ ഞാൻ ആ പ്രമാണിയുടെ ഭവനത്തെ കടന്നു ഏതു മനുഷ്യനും നനവും കുളിരും പേടിച്ചിട്ടു പുറത്തിറങ്ങാതെ, അകത്തു ഇരുന്നു തീ കാഞ്ഞു കൊണ്ടിരിക്കെ, ആ പഥികൻ ആ വാതുക്കൽ തന്നെ മുട്ടുന്നതിനെ കണ്ടു, അവൻെറ സ്ഥിരതയെ ഓൎക്കുമളവിൽ എൻെറ ഹൃദയം വ്യസനം കൊണ്ടു ഉരുകി. അല്ലയൊ സഖെ! ഇത്ര കഠിനമേറിയ മനുഷ്യൻെറ വാതുക്കൽ നില്ക്ക തന്നെ അരുത. ഇതാ ഇവിടെ ദരിദ്രയായ ഒരു വിധവ പാൎക്കുന്നു, നാം അവളുടെ വീട്ടിലേക്കു പോക. അവൾക്കു നാലഞ്ചു നരുമ്പ കുട്ടികൾ ഉണ്ടു. അവരെ തീററി പോററുവാൻ അവൾക്കു ഒരു വകയുമില്ല എങ്കിലും, അതിഥികളെ സന്തോഷത്തോടെ ആദരിക്കുന്നവൾ, അവൾ നിങ്ങളെ ചേൎത്തു കൊള്ളും എന്നു പറഞ്ഞപ്പോൾ, ഞാൻ അവളെ നല്ലവണ്ണം അറിയുന്നു. ദൈവം വിധവമാരുടെ നായകനും അനാഥരുടെ പിതാവും ആക കൊണ്ടു, അവളുടെ വാതിൽ എനിക്കായി എപ്പോഴും തുറന്നിരിക്കുന്നു. എങ്കിലും ഇപ്പോൾ അവൾ ഉറങ്ങുമായിരിക്കും എന്നു പറഞ്ഞപ്പോൾ, അതാ നല്ല തീ ജ്വലിക്കുന്ന കൊല്ലൻെറ കൊട്ടിൽ. അവിടെക്കു നാം പോക. അവൻെറ ഭാൎയ്യ ദൈവകരുണ നിറഞ്ഞ ഹൃദയമുള്ളവൾ ഒരു തമ്പുരാനെ പോലെ അവൾ നിങ്ങളെ സല്ക്കരിക്കും എന്നു ഞാൻ പറഞ്ഞാറെ, അവൻ മഹാശബ്ദത്തോടെ ഞാൻ നീതിമാന്മാരെ അല്ല, പാപികളെ മാനസാന്തരത്തിലേക്കു വിളിപ്പാൻ വന്നു എന്നു പറഞ്ഞു.

അപ്പോൾ പ്രമാണി വാതിൽ തുറന്നു ശകാരിച്ചു കൊണ്ടു, ഒരു വടിയും എടുത്തു പുറത്തു ഇറങ്ങി പാഞ്ഞു, പരദേശിയെ പിടിച്ചു നല്ലവണ്ണം അടിച്ചശേഷം, പുറത്തിഴച്ചിട്ടു കോപത്തോടെ വാതിൽ അടച്ചു കളഞ്ഞു. ഇങ്ങിനെയുള്ളതു എല്ലാം ഞാൻ കണ്ടു, കോപപരവശനായി ധനവാൻെറ വാതിൽ കുത്തിപ്പൊളിച്ചു, അവനെ ശകാരിച്ചു പ്രതിക്രിയ ചെയ്വാൻ ഒരുമ്പെട്ടപ്പോൾ, വഴിപോക്കൻ:

സൌമ്യതയുള്ളവർ ധന്യർ, അവരല്ലൊ ഭൂമിയെ അടക്കും എന്ന പറഞ്ഞപ്പോൾ, നിങ്ങടെ ദീൎഘക്ഷാന്തിയുടെയും ക്ഷമയുടെയും മഹിമ എന്റെ അറിവിനെ കടന്നു പോയി നിശ്ചയം എന്ന ഞാൻ ചൊല്ലിയാറെ, കൎത്താവു ദീൎഘക്ഷമാവാനും ആൎദ്രകരുണ നിറഞ്ഞവനും കോപത്തിൽ സാവധാനമുള്ളവനും, ഏതു മനുഷ്യനും നശിക്കുന്നതിലല്ല, മനം തിരിഞ്ഞു രക്ഷപ്പെടുന്നതിലത്രെ ഇഷ്ടപ്പെടുന്നവനും ആകുന്നു എന്ന പാസ്റ്റർ എന്നോടു പറഞ്ഞു, പിന്നെയും ആ വാതുക്കൽ ചെന്നു മുട്ടിക്കൊണ്ടിരുന്നു.

അനന്തരം ഇരിട്ടു അതിക്രമിക്കയും കൊല്ലന്റെ കൊട്ടിലും വഴിയമ്പലസത്രങ്ങളും പൂട്ടിപ്പോകയും നിമിത്തം, രാത്രി പാൎപ്പാൻ വേണ്ടി ഒരു സ്ഥലം അന്വെഷിച്ചു, ഇനി തുറന്നിരുന്ന ഒരു സത്രം കണ്ടു അകം പുക്കു പാൎത്തു വരുമ്പോൾ, വഴിയമ്പലക്കാരോടു അപ്രമാണിയുടെ അവസ്ഥ ചോദിച്ചറിഞ്ഞു രണ്ടാമതു പുറപ്പെട്ടു, പരദേശിയുടെ അരികത്തു ചെന്നു, അയ്യൊ! നിങ്ങൾ ഇവിടെ താമസിക്കരുത. ഈ വീട്ടുടയവൻ മഹാകഠിനനും ക്രൂരനും ദുഷ്ടനും അനാഥരെയും വിധവമാരെയും കവൎന്നും ചങ്ങാതികളെയും കൂട്ടുകാരെയും ചതിച്ചും അന്യായം കൊണ്ടു ഭവനത്തെ പണിയിച്ചും കൊണ്ടു നടക്കുന്നവനും ആകുന്നു. അവൻ നിങ്ങളുടെ വാക്കു ഒരിക്കലും കേൾക്കുന്നില്ല. നിങ്ങൾ വന്നു തീ കാഞ്ഞു ആശ്വസിച്ചു കൊൾവിൻ എന്നു ഞാൻ പറഞ്ഞ ഉടനെ, അവൻ ചോര ഒഴുകുന്ന തന്റെ കാലുകളെയും ഉള്ളങ്കൈകളെയും കുത്തി തുറന്ന പക്ഷത്തെയും കാട്ടിയപ്പോൾ, ഞാൻ ഒന്നു ഞെട്ടി ഹാ കൎത്താവായ യേശു ക്രിസ്തൻ തന്നെ എന്നു ഗ്രഹിച്ചു. കൎത്താവെ, ആ കഠിനനെ ദണ്ഡിപ്പിക്ക എന്നാൽ അവൻ നിന്നെ കേൾക്കും എന്നു എന്റെ നീരസത്തിൽ പറഞ്ഞപ്പോൾ, ശപിക്കപ്പെട്ടവനെ എന്നെ വിട്ടു, പിശാചിനും അവന്റെ ദൂതൎക്കും ഒരുക്കിയ നിത്യാഗ്നിയിലെക്കു പോക എന്നു ഞാൻ അന്ത്യവിധിനാളിൽ അവനോടു ചൊല്ലുമ്പൊൾ, അവൻ കേൾക്കും നിശ്ചയം എന്നു പറഞ്ഞു. എന്റെ കാഴ്ചയിൽനിന്നു മറഞ്ഞാറെ, ഘോരമായ മഴ പെയ്ക നിമിത്തം, ഞാൻ ബദ്ധപ്പെട്ടു സത്രത്തിലേക്കു മടങ്ങി ചെന്നു.

അൎദ്ധരാത്രിയായപ്പോൾ, ഞാൻ ഉറങ്ങുന്ന മുറിയുടെ വാതിലിന്നു ഒർ ആൾ മുട്ടുന്നതിനെ ഞാൻ കേട്ടു, എഴനീല്പിൻ! മരണവ്യഥയിൽ ഇരിക്കുന്ന ഒരുവൻ നിങ്ങളെ കാണ്മാൻ ആശിക്കുന്നു

എന്നു വഴിയമ്പലക്കാരൻ വിളിച്ചു പറഞ്ഞപ്പോൾ, ഞാൻ ബദ്ധപ്പെട്ടു എഴുനീററു പ്രമാണി തന്നെ എന്നു അറിഞ്ഞു, അവന്റെ ഭവനത്തിന്റെ സമീപത്തു എത്തിയപ്പോൾ, അവന്റെ മരണപ്രലാപം കേട്ടു. ആയതാവിതു: കൎത്താവായ യേശുവെ, എന്നെ രക്ഷിക്കേണമെ. ലോകരക്ഷിതാവെ, എന്നിൽ കനിഞ്ഞു കൊള്ളേണമേ. അനുതാപത്തിന്നു എനിക്ക ഒരു നാഴിക എങ്കിലും, തന്നരുളേണമേ. കൎത്താവെ, എന്നെ കനിഞ്ഞു കൊള്ളേണമെ. പിന്നെ ഞാൻ അകത്തു പ്രവേശിച്ചാറെ, ഭാൎയ്യ അവന്റെ മേൽ വീണു കരകയും മക്കൾ എല്ലാം നിലത്തു വീണുരുണ്ടു മഹാകെപ്പോടെ വിലാപിക്കയും ചെയ്യുന്നതിനെ കണ്ടു. പ്രാണസങ്കടത്തിൽ ഇരിക്കുന്ന പ്രമാണി എന്നെ കണ്ട ഉടനെ പ്രാൎത്ഥിക്ക, എനിക്കായി പ്രാൎത്ഥിക്ക, പ്രിയ സ്നേഹിതാ, എനിക്കു വേണ്ടി ദൈവത്തോടു നിലവിളിക്ക, നിന്നെ അവൻ കേൾക്കും എന്നെ അവൻ അശേഷം കേൾക്കയില്ല എന്നു പറഞ്ഞപ്പോൾ, ഞാൻ പ്രാൎത്ഥിപ്പാൻ വേണ്ടി മുട്ടുകുത്തിയുടനെ പ്രമാണി ആശ്വാസം എന്നിയെ മരിക്കയും ചെയ്തു.

ഒരു സങ്കീൎത്തനം.

എരിക്കിലക്കാമോദരി രാഗം.

ദേവനെ എൻദൈവനെ നീ കൈവിട്ടതെന്തെനെ ।
ഏവമെൻ രക്ഷെക്കും ഞാൻ അലറീടുന്ന ॥
വാക്കുകൾക്കും പരാങ്മുഖനായീടുവാനെന്തു ।
ആക്കമെന്നിയെ ഞാൻ വിളിക്കുന്നു പകൽ ॥
ഇത്തരം ഖേദത്തൊടെ ഞാൻ ദൈവമിതി തവ ।
സത്വരം വിളിക്കുന്നതിന്നുത്തരവും ॥
താമസിയിൽ പോലും മൌനത ലഭിക്കുന്നതും ।
ഹന്ത നഹി എന്തൊരു സങ്കടമോൎത്താൽ ॥
സന്തതമിസ്രയെല്സ്തുപങ്ങളിൽ വസിച്ചീടും ।
ശുദ്ധൻ വിശുദ്ധൻ വിശുദ്ധൻ നീയല്ലയൊ ॥
ഞങ്ങളുടെ പിതാക്കന്മാർ നിങ്കൽ തേറി നീയും ।
അംഗീകരിച്ചവരെ വിടുവിച്ചല്ലൊ ॥
നിന്നെയവരാശ്രയിച്ചുമാശ്രയിച്ചും കൊണ്ടു ।
നിന്നിൽ തേറി ലജ്ജ വിട്ടു വന്നില്ലയൊ ॥
ഞാനൊയിതാ മാനുഷപ്പുഴുവെന്ന പോലെയി ।
മ്മാനവർ നിന്ദിച്ചു ധിക്കരിക്കപ്പെട്ടും ॥

കാണിജനമെല്ലാമപഹാസ്യത പൂണ്ടെന്റെ ।
പ്രാണസങ്കടത്തില്ലുസിച്ചും കൊണ്ടു ॥
വിഷ്ടപനാഥജനാമിവനെന്നാകിലിപ്പോൾ ।
വിഷ്ടപനാഥനിവനെ രക്ഷിക്കട്ടെ ॥
എന്നും പല നിന്ദ സഹിച്ചല്ലലിൽ വാണിട്ടു ।
മെന്റെ സങ്കടങ്ങൾ ചൊല്ലാവല്ലെ നാഥ ॥
അമ്മയുടെ കുക്ഷിമുതൽ നിയൊയെൻ ദേവനാം ।
അച്ഛാ പിതാവെ നീയെന്നെ കൈവിടെല്ലെ ॥
ഹന്ത സഹായമില്ലായ്കയാലെ സങ്കടവു ।
മന്തികെവന്നിരിക്കുന്നു കഷ്ടം കഷ്ടം ॥
ക്ലേശിപ്പിക്കുന്നെന്നെ പല കാളകളും ചുററി ।
ബാശാനിലെക്രൂററങ്ങൾ വളഞ്ഞുമേവം ॥
ഉച്ചൈസ്സുരമലറുന്ന സിംഹമായിട്ടെന്റെ ।
പച്ചമാംസം ഭക്ഷിപ്പാനായ്വാപിളന്നും ॥
വാരിപോലെ തൂകപ്പെട്ടു ഞാനു മെന്റെയെല്ലും ।
പാരം ഭിന്നമായി പൊയിതയ്യൊ ദേവ ॥
ചേതസ്സുരുകിക്കുടലുകളുടെ നടുവെ ।
ചേതം വന്നു പോയി യഹോവെ നാഥ ॥
ഹാഹായെന്റെ ശക്തിയൊടു പോലെ ശുഷ്കിച്ചിട്ടും ।
ജിഹ്വാവരണ്ണന്നാക്കോടു പററീടുന്നു ॥
ശജ്ജനവുമിട്ടും ശ്വാക്കൾ ചുററുകയാലത്രെ ।
ദുജ്ജനൌഘമെന്നെ ചൂഴന്നെന്തൊ കഷ്ടം ॥
വല്ലാതെ കൈകാൽകളെ തുളച്ചിതല്ലൊയെന്റെ ।
എല്ലുകളെണ്ണുന്നു സച്ചിയപിതാവെ ॥
തുഷ്ടിയൊടെ നോക്കിയെന്നെ കണ്ടുനിൽക്കുന്നവർ ।
പുഷ്ടമോദമെൻ വസനങ്ങളെടുത്തു ॥
തങ്ങളിൽ പകുത്തും പിന്നെ ചീട്ടുമിട്ടന്നെന്റെ ।
അംഗെ ധരിച്ചീടുന്നൊരു അങ്കിതന്മേൽ ॥
നീ യഹൊവെയകന്നു പോകൊല്ലായെ ദേവ ।
നീയെന്തുണെക്കായി വിരവിൽ വരിക ॥
അഞ്ചും പ്രാണനെ വാളിങ്കൽനിന്നും ശ്വാവിൻവശെ ।
പഞ്ചാനന വായിൽനിന്നും രക്ഷിക്കെന്നെ ॥
മാഹിഷൌഘശൃംഗങ്ങൾക്കു തെററുവാനും യാഹെ. ।
ദേഹി നിയോഗന്ദേഹി നിയോഗന്ദേഹി. ॥

ദുഷ്ടരുടെ സ്വഭാവം.

തുള്ളപ്പാട്ടിന്റെ മൂന്നുവിധം രീതിയിൽ ചൊല്ലേണ്ടതു.

അടവിയതിലൊരു വിടപികോടരെ പണ്ടൊരു ।
കുടിലമതിയായ സൎപ്പേന്ദ്രനുണ്ടായിതു ॥
പടുതപെരുതവനു സതതം പ്രാണിഹിംസയിൽ ।
പാപപുണ്യാദി വിവേകമില്ലൊട്ടുമെ ॥
അശനമതിനൊരു കുറവുമൊരുപൊഴുതുമില്ലവന്നു ।
ആനന്ദമോടും യഥേഷ്ടം ഭുജിച്ചിടാം ॥
തവളകളുമതിനു പുനരെലികളുമസാധ്യമായ് ।
ത്രുവനാവനി തന്നിലുണ്ടെങ്കിലും ॥
ദുരിതപഥഗമനമതിലധികകൃതിയാമവൻ ।
ദുൎവ്വാരഹാലാഹലംകൊണ്ടു മത്തനായ് ॥
കഠിനതരഹൃദയമൊടു മൎത്ത്യവൃന്ദത്തെയും ।
കാരണമെന്ന്യെകടിച്ചു കൊല്ലും ഖലൻ ॥
അനവരതമനവധിക ദുഷ്കൎമ്മസഞ്ചയം ।
ഘനകുതുകചേതസാ ചെയ്തുകൊണ്ടിങ്ങിനെ ॥
അതിസുഖമെ മരുവുമളവടവിയതിലേകദാ ।
ആകസ്മികം കാട്ടുതീപിടിപെട്ടിതു ॥
അനിലനതിരഭസമൊടു വീശി സ്വാമിത്രമാം ।
അനലനുസഹായനായ് നിന്നു യഥോചിതം ॥
വിടപികളുമുലവതൃണലതകളുമനേകധാ ।
ചടചടനിനാദേനകത്തി ജ്വലിക്കയും ॥
ഹരിഹരിണകരികിരികളോടിയൊളിക്കയും ।
ഹവ്യയാനൻ പിന്നിലെത്തിഗ്രഹിക്കയും ॥
ചടകപികശുകകരടമുഖവിഹഗസഞ്ചയം ।
ചാവു പേടിച്ചു പറന്നുപോകും വിധൌ ॥
ദേവദഹനഗഹനതരഹേതി തട്ടിക്ഷണാൽ ।
ദഗ്ദ്ധപക്ഷം ഭൂമിതന്നിൽ പതിക്കയും ॥
ഉപലചയമുടനുടനെ പൊട്ടിത്തെറിക്കയും ।
ഉദ്ധൂമജാലേന ദിക്കു മറകയും ॥
മതിവിവൃതിയിതി വിവിധ ഭയദചരിതം തദാ ।
മററുമോരൊ തരമുണ്ടായിതദ്വനെ ॥
ദഹനനതിപടുതയൊടു ഗഹനതലമാകവെ ।
ദഗ്ദ്ധീകരിച്ചു ചരിച്ചു ചരിച്ചഥ ॥
കുമതിപതിയാകുമപ്പന്നഗംമേവുന്ന ।
കുജമതിനു ചുററുമെത്തീടിനാനന്തരം ॥

പിന്നെ ദൈവം കൎത്താവെ ഉണൎത്തിയിട്ടു
നമ്മെയും സ്വശക്തിയാൽ ഉണൎത്തും. ൧ കൊരി. ൬, ൧൪.

വിഷധരനുമതുപൊഴുതു വിവശത കലൎന്നുടൻ |
വീതിഹോത്രങ്ങൾ നിന്നോടിയൊളിക്കുവാൻ ||
കിമപിയൊരു കഴിവു ബത കാണാഞ്ഞു ഖിന്നനായ് |
കീഴിലും മേലിലും നാലുദിക്കിങ്കലും ||
കലിതഭയമകതളിർ കലങ്ങി നോക്കുംവിധൌ |
കണ്ടാനൊരു വഴിപോക്കൻ വരുന്നതു ||
കലുഷനിധി ഭുജഗമഥ പഥികനൊടു തൽക്ഷണം |
കാകുസ്വരേണ വിളിച്ചു ചൊല്ലീടിനാൻ ||
അയി പഥിക വരികരികിലരുതരുതു താമസം |
അയ്യയ്യൊ ഞാൻ മരിച്ചീടുമാറായിതു ||
ദവദഹനനഹഹ പിടിപെട്ടിതു ചുഴവും |
ദൈവവുമെന്നെ പരിത്യജിച്ചീടിനാൻ ||
ഒരു വഴിയുമിഹ കിമപി കാണുന്നതില്ല ഞാൻ |
ഓടിഗ്ഗമിച്ചു കൊണ്ടീടുവാനായ് സഖെ ||
പവനസഖശഹനശിഖ തട്ടിമദ്ദേഹവും |
പാന്ഥ മഹാമതെ വേകുന്നിതേററവും ||
വിപുലദവദഹനഗത ധൂപജാലേനമെ |
വീൎപ്പുമുട്ടീടുന്നു പാരം ദയാനിധെ ||
തവ കരുണയുടയ കണ്ണമെങ്കലുണ്ടെങ്കിലൊ |
താമസം കൂടാതെ വന്നു പാലിക്കമാം ||
ഇതി വിവിധവിലപനവചസ്സുകൾ കേട്ടുടൻ |
ഇത്തരം പാന്ഥനുമുത്തരം ചൊല്ലിനാൻ ||
വിഷസഹിത ജന്തുവല്ലൊ നീയതാകയാൽ |
വിശ്വസിക്കേണ്ടതുമെങ്ങിനെ നിന്നെ ഞാൻ ||
ഉപകൃതിവരുത്തുന്ന ലോകൎക്കു ദുൎജ്ജനം |
അപകൃതി പിണെക്കുമെന്നുണ്ടു സിദ്ധാന്തവും ||
അധികദിനസഞ്ചിതം തവ ദുരിതസഞ്ചയം |
അദ്യ നിന്നാലനുഭോക്തവ്യമല്ലയൊ ||
മരണമിഹ തവ വിധിവശാദുപഗതമായിതം |
മററൊരാധാരമിച്ഛിക്കേണ്ട നീ വൃഥാ ||
പഥികനുടെ വചനമിതി കേട്ടു വിലേശയൻ |
പാരം വിഷണ്ണനായ് പിന്നെയും ചൊല്ലിനാൻ ||
അയി സുമുഖ പഥിക കരുണാനിധെ മത്സഖെ |
ആൎത്താൎത്തിനാശന പാഹിമാം പാഹിമാം ||
ശരണഗതജനനിവഹരക്ഷണം ചെയ്യുതു |
സാധുജനങ്ങടെ ശീലമല്ലൊ സഖെ ||
ചെറുതു ഭയമകതളിരിലരുതു തവ സംപ്രതി |
ചെററുമെ സന്ദേഹവും വേണ്ട മാം പ്രതി ||
വിപദുദധിയതിൽ മുഴുകമെന്നെ രക്ഷിപ്പൊരു |

വിശ്വൈകബന്ധുവാം നിന്നെ ചതിക്കുവാൻ ||
അഹഹ മമ ഹൃദയമതിലിച്ഛയുണ്ടാകുമൊ |
ആജീവനാന്തമുണ്ടാകയില്ല സഖെ ||
അതിനിപുണ ഫണിഭണിതി പഥികനിതി പിന്നെയും |
ആകൎണ്ണ്യ കാരുണ്യമുൾക്കൊണ്ടു മാനസെ ||
ഇവനധികനികൃതനതിദുഷ്ടനെന്നാകിലും |
ഇന്നിവൻ തന്നെ രക്ഷിക്കുക യോഗ്യമാം ||
ഒരു പൊഴുതുമപരജനരക്ഷണം ചെയ്യുവോൎക്കു |
ഒന്നുമെ ദോഷമുണ്ടാസ്സരികില്ലപോൽ ||
ഇതരജനവിപദുപശമായ് ചേഷ്ടിപ്പവൎക്കു |
ഈശ്വരനുണ്ടു ഗതിയെന്നുറച്ചവൻ ||
ദയയൊടഥ നിജവശഗമായുള്ള സഞ്ചിയെ |
ദണ്ഡാഗ്രസീമ്നി കെട്ടീട്ടു കാട്ടീടിനാൻ ||
ഉരഗമതു പൊഴുതിലതിരഭസമൊടു സഞ്ചിയിൽ |
ഉൾപ്പുക്കു വാണാൻ കുതൂഹലചേതസാ ||
പ്രണയമൊടു പാന്ഥനും താഴത്തിറക്കിനാൻ |
പ്രാണരക്ഷാൎത്ഥിയായുള്ള സൎപ്പേന്ദ്രനെ ||

(വൃത്തഭേദം.)

ഇങ്ങിനെ മൃതിഭയമാം ജലനിധിയിൽ മുങ്ങി വലഞ്ഞ ഭുജംഗമനീചൻ |
മംഗലമതിയാം പഥികൻ തന്നുടെ തിങ്ങിന കൃപയാൽ രക്ഷിതനായാൻ ||
തന്നകതളിരിലുദിച്ചൊരു ഭയവും ഖിന്നതയും പൊയ്പോയീടുന്നൊരു സമയെ |
ദുൎന്നയനിധിയാം പന്നഗമകമെ മന്യുകലൎന്നു കൃതസ്മൃതി വിട്ടു ||
ചെന്നു കടിച്ചപ്പഥികൻ തന്നെ കൊന്നീടുവാനായാശു മുതിൎന്നാൻ |
അന്നെരം ഭയവിവശതയൊടെ ചൊന്നാനവനൊടു പാന്ഥനുമേവം ||
എൻ നിധനത്തെ ചെയ്യുതിനധുനാ നിന്നകതളിരിൽ തോന്നിയതെന്തെ |
മുന്നം നിന്നൊടു ചൊന്നതു പോലെ വന്നു ഭവിച്ചു യഥാ തഥമിപ്പോൾ ||
നിന്നുടെ ജീവനെ രക്ഷിക്കെന്ന്യെ ഇന്നൊരു ദോഷം ചെയ്തീലിഹ ഞാൻ |
പന്നഗകുലവരമകുടമണെ നീ എന്നുടെ മൃത്യു വരുത്തീടരുതെ ||
ഇത്തരമഴലൊടു ചൊന്നതു കേട്ടതിനുത്തരമാശീവിഷനുരചെയ്താൻ |
മൽപ്രാണങ്ങടെ രക്ഷണമധുനാ തൽപ്രാണപ്രതിഭൂവായ്വരുമൊ ||
അത്യുപകാരം ചെയ്തു ജനങ്ങൾക്കത്യപകാരം ചെയ്യുള്ളൊരും |
ഒട്ടും ഭേദമതില്ല നമുക്കിഹ കിട്ടുന്നൊൎക്കൾ നമുക്കിരയത്രെ ||
അത്രയുമല്ലിമ്മൎത്ത്യജനത്തിനു ശത്രുത ഞങ്ങളൊടുള്ളതു മൂലം |
ചിത്തരുഷാ ചെന്നവരെ കൊല്ലുവതത്യുചിതം ദുരിതം നഹി തെല്ലും ||
മദ്വചനം ശരിയല്ലെന്നുള്ളതു ത്വദ്ധൃദയത്തിൽ നിനച്ചീടെണ്ട |
ചെറ്റൊരു സംശയമുണ്ടെന്നാകിൽ മററവർ ചിലരൊടു ചോദിച്ചറിക ||

(വൃത്തഭേദം.)

ക്രൂരനാം സൎപ്പത്തിന്റെ ഗീരുക്കളേവം കേട്ടു ।
ധീരത്വമെല്ലാം വിട്ടു ഭീരുത്വം പൂണ്ടു പാന്ഥൻ ॥
ആരുള്ളു ചോദിപ്പാനെന്നാരാഞ്ഞു നോക്കുന്നേരം ।
ദൂരത്തു മേയുന്നൊരു ഷരാശത്തെ കണ്ടതിനെ ॥
ചാരത്തു വിളിച്ചിതന്നേരത്തു പന്നഗവും ।
മോദിച്ചു ഷരാശത്തോടു ചോദിച്ചു കൊണ്ടാനിത്ഥം ॥
ദാവാഗ്നിതൻ ശിഖയാൽ ചാവാനടുത്ത നമ്മെ ।
ദൈവഗത്യൈവ വന്നു ജീവിപ്പിച്ചാനീ മൎത്ത്യൻ ॥
ഇന്നിവനെക്കടിച്ചു കൊന്നുവെന്നാകിലതൊർ ।
അന്ന്യായമായീടുമൊ ചൊന്നാലും വൈകീടാതെ ॥
ഇത്തരമുരഗത്തിൻ ചോദ്യത്തെ കേട്ട നേരം ।
ബന്ധുവുമതിനുടനുത്തരമുരചെയ്തു ॥
സത്വരമിവനുടെ മൃത്യുവരുത്തീടുന്നത ।
അത്യന്തയുക്തമെന്നു ചിത്തത്തിൽ തോന്നുന്നുമെ ॥
മാനവരുടെ ചേഷ്ട ഞാനറിയാത്തതല്ല ।
മാനസതാരിൽ കൃപാഹീനന്മാരത്രെയവർ ॥
എന്മെനിതന്നിലുള്ള രമ്യമാം രോമജാലം ।
സമ്മോദമോടറുത്തുകംബളാദികൾ നെയ്തു ॥
ചെമ്മെ പുതെച്ചും ശയ്യതന്മേൽ വിരിച്ചും ബഹു ।
ശൎമ്മത്തിൽ വാണീടുന്നു ഘൎമ്മാന്ത കാലത്തിവർ ॥
കേട്ടാലും നമ്മിൽനിന്നു കിട്ടിയ പടങ്ങളിൽ ।
വാട്ടമകന്നിരുന്നു കൂട്ടരോടിട ചേൎന്നു ॥
ഇഷ്ട സല്ലാപം ചെയ്തു ദുഷ്ടന്മാരനുദിനം ।
പുഷ്ടസൌഖ്യവും പരിതുഷ്ടിയും പ്രാപിക്കുന്നു ॥
ഇത്ഥമോരോരൊ തരമത്യുപകാരജാലം ।
മൎത്ത്യൎക്കു നമ്മിൽനിന്നു നിത്യവും സിദ്ധിക്കുന്നു ॥
ഭല്ലുകാദിയാലവരുല്ലാസം പ്രാപിച്ചാലും ।
ഉള്ളിലവൎക്കു സ്നേഹമെള്ളോളമില്ല നമ്മിൽ ॥
ഭല്ലല്ല ഞങ്ങളുടെ പിള്ളകളെയും കൊന്നു ।
പള്ളയെ നിറപ്പാനെയുള്ളു കാംക്ഷിതമുള്ളിൽ ॥
എന്നാളിലിച്ഛയുണ്ടാമന്നാൾ നമ്മെയും കൊന്നു ।
തിന്നീടുമവരൊരു സന്ദേഹമില്ല ചെറ്റും ॥
ദുൎന്നയമേവം ചെയ്യുമിന്നരന്മാരെക്കൊന്നാൽ ।
ഒന്നുമെ ദോഷമില്ലയെന്നു നമ്മുടെ പക്ഷം ॥
തെല്ലുമെ വൈകീടാതെ കൊല്ലുകയിവനെ നീ ।

കില്ലേതും വേണ്ട തവ നല്ലതെ വന്നു കൂട്ടം ||
ഛാഗത്തിൻ വാക്യമേവമാകൎണ്ണ്യ പാന്ഥനേററം |
ആകുലം കലൎന്നതിശോകേന ചൊല്ലീടിനാൻ ||
ചാകെന്നു വന്നു മമ യോഗമെന്നാലുമിപ്പോൾ |
ഏകന്റെ സാക്ഷ്യം പൊരാതാകമിക്കാൎയ്യത്തിങ്കൽ ||
രണ്ടു മൂന്നു പെരിതു കൊണ്ടു തീൎപ്പു ചെയ്വാനായ് |
ഉണ്ടഭിലാഷമകതണ്ടിൽ നമുക്കിദാനീം ||

(വൃത്തഭേദം.)

അദ്ധ്വഗനിങ്ങിനെ പ്രതിവാദിച്ചതിസാദ്ധ്വസമനസാനില്ക്കും സമയെ |
നിൎദ്ദയനാകിയ സൎപ്പവുമായതിനൎദ്ധമനസ്സൊടു സമ്മതി പൂണ്ടു ||
ബദ്ധകുതൂഹലമോടും പഥികനൊടൊത്തഥ ചെററുനടന്നൊരു ശേഷം |
വൃദ്ധതയേറി മെലിഞ്ഞൊരു പശുവെ പദ്ധതിതന്നിൽ കണ്ടു തദാനീം ||
സൎപ്പവുമുടനെ വാൎത്തകളെല്ലാമപ്പശുവോടു കഥിച്ചറിയിച്ചു |
അപ്പൊഴുതവളതിനുത്തരമായിട്ടുൾപ്പകയോടുരചെയ്യാളേവം ||
മൎത്ത്യജനങ്ങടെ ചിത്തവുമവരുടെ കൃത്യവുമെന്നിവ ദുഷ്ടമശേഷം |
വത്സങ്ങളെ ഞാൻ തടവെന്ന്യേ പ്രതിവത്സരമോരൊന്നുളവാക്കുകയാൽ ||
മത്സ്വാമിക്കഹമുരുധനസഞ്ചയമുത്സാഹത്തൊടു വൎദ്ധിപ്പിച്ചേൻ |
മാമകപോഷണമതു ചെയ്യുതിനായ് സ്വാമിക്കൊരു ചിലവില്ലവിശേഷാൽ ||
നാമതിനാൽ ഹൃദയാമയമെന്ന്യേ ഭൂമിയിലെങ്ങും മേഞ്ഞു നടന്നു |
കാട്ടു പറമ്പുകൾ ചെന്നു കരേറി കിട്ടിയപുല്ലും വള്ളിയുമിലയും ||
കഷ്ടമൊടഷ്ടി കഴിച്ചു തിരിച്ചു വീട്ടിൽ മടങ്ങിവരും സായാഹ്നെ |
കുട്ടനു പാൽ ഞാൻ പ്രസ്നുതമാകിലുമൊട്ടും നല്കുകയില്ല പരോക്ഷെ ||
കിട്ടുമവൎക്കതു കാരണമേതും മുട്ടുവരാതെ ദിനം പ്രതി ദുഗ്ദ്ധം |
വീട്ടിലിരിപ്പോർ പാലും മോരും കട്ടിത്തൈരും വെണ്ണയുമിവക ||
ഒട്ടല്ലനവധി തങ്ങടെ ഹൃദയാഭീഷ്ടം പോലെ കുടിച്ചു മശിച്ചും |
ദുഷ്ടവ്യാധികൾ വിട്ടു ശരീരം പുഷ്ടിച്ചതിസുഖമായ്മരുവുന്നു ||
ചിരകാലത്തൊളമിങ്ങിനെ നമ്മാലുപകാരത്തെ ലഭിച്ചെന്നാലും |
നിജമാനസമതിൽ നമ്മുടെ നേരെ യജമാനന്നൊരു കനിവില്ലേതും ||
ജീനതയാലെ നമുക്കിതു കാലം ദീനത വന്നു പിടിച്ചതു കണ്ടു |
ഞാനിനിയൊന്നിനു മാളല്ലെന്നതു മാനസതാരിലറിഞ്ഞവനിപ്പോൾ ||
കൌടികനാമൊരുമുസ്സല്മാനനു കൌതുകമോടും വിററിതു നമ്മെ |
ബിസ്മില്ലാടി സ്തോത്രമുരെച്ചിട്ടിസ്സ്വാം നമ്മെയറുക്കും നൂനം ||
ഇന്നൊനാളയൊ മററനാളയൊ വന്നീടും മമ നിധനം ഹാ ഹാ |
ഇത്ര കൃതജ്ഞതയില്ലാതുള്ളൊരു മൎത്ത്യന്മാരാം ദുഷ്ടജനങ്ങൾ ||
സത്വരമാകപ്പാടെ നശിപ്പാൻ ചിത്തെ കാംക്ഷ നമുക്കുണ്ടധികം |
ഓൎത്തന്തിനു നീ പാൎത്തീടുന്നിദ്ധൂൎത്തനെ വേഗം കൊല്ലുക സുമതെ ||
ശൃംഗിണിയിങ്ങിനെ ചൊന്നതു കേട്ടു തിങ്ങിന ശോകം പൂണ്ടഥ പഥികൻ |
തന്നുടെ മൃതിയോൎത്തതിഭയമോടും നിന്നു കരഞ്ഞു തൊഴിച്ചു തുടങ്ങി ||

അന്നേരത്തൊരു ജംബുകനവിടെ വന്നവനോടനുയോഗം ചെയ്യാൻ ।
എന്തിനു പാന്ഥ നീ കരയുന്നു കിന്തവ ഖേദനിദാനമിദാനീം ॥
യന്തുണമെന്നിയെ ചൊല്ലുകനിന്നുടെ ചിന്തിതമെന്നൊടെന്നതു കേട്ടു ।
സന്താപാതുരമനസാ പാന്ഥൻ ഹന്ത നിരാശത പൂണ്ടതുമൂലം ॥
ഉത്തരമേതുമുരെച്ചീടാതെ, ധാത്രിയിൽ മുഖവും താഴ്ത്തിവസിച്ചാൻ ।
ഹാലാഹലധരനതു കണ്ടുടനെ കോലാഹലമൊടു ചൊന്നാനേവം ॥
ജംബുക സുമതെ ഞാനുര ചെയ്യാമിമ്മനുജന്റെ ചരിത്രം കേൾ നീ ।
കാനനവഹ്നി പിടിച്ചൊരു കാട്ടിൽ ദീനത പൂണ്ടു വലഞ്ഞു നമുക്കു ॥
പ്രാണവിനാശം വന്നീടാതെ ത്രാണനമിവനെക്കൊണ്ടുളവായി ।
ഉപകാരികളായുള്ള ജനങ്ങൾക്കപകാരത്തെ ചെയ്യുന്നുള്ളതു ॥
ജാത്യാചാരമതത്രെ നമുക്കിമ്മർത്ത്യനെയതുകാരണമായിഹ ഞാൻ ।
ദംശിച്ചാശു നശിപ്പിപ്പാനായി സംശയരഹിതമൊരുങ്ങിക്കൊണ്ടേൻ ॥
ബന്ധുവുമുരഗയുമിക്കാൎയ്യത്തിന്നനുദപാപരമനുമതിനല്കി ।
പക്ഷെ പരിചൊടു നാമിനി നിന്നുടെ പക്ഷം കൂടെ കേൾക്കാമല്ലൊ ॥
ഇക്കാൎയ്യത്തെ കൊണ്ടു ഭവാനെന്തുൾക്കാമ്പിൽ കരുതീടുന്നധുനാ ।
കുക്കുടശത്രൊ ജംബുക നീയതു ചിക്കനെയുരചെയ്യുന്നതു കേട്ടു ॥
ധൂൎത്തന്മാൎക്കഗ്രേസരനാം മൃഗധൂൎത്തകനപ്പൊഴുതിങ്ങിനെ ചൊന്നാൻ ।
ക്ലിഷ്ടം നീയുരചെയ്യൊരു വാക്യം സ്പഷ്ടതയോടെ ഗ്രഹിച്ചീലിഹ ഞാൻ ॥
മൎത്ത്യൻ നിന്നെ വനവഹ്നിയിൽനിന്നുദ്ധരണം ചെയ്യുള്ള പ്രകാരം ।
നിസ്തുല ഗുണഗണസിന്ധൊ പന്നഗവിസ്തരമായറിയിക്കുക നമ്മെ ॥
ശിക്ഷിതനാക്കിയ ജംബുകനുടെമൊഴിശിക്ഷയിലിങ്ങിനെ കേട്ട ദശായാം ।
ചക്ഷുശ്രവണനുമുത്തരമായി തൽ ക്ഷണമവനൊടു ചൊന്നാനേവം ॥
തരുകോടരമതിൽ ഞാനടി സുഖമെ മരുവീടുന്നൊരു സമയത്തിങ്കൽ ।
പെരുവിപിനം വിപിനൊഷ്ബുധനാൽ തെരുതെരവെന്തു ചമഞ്ഞിതശേഷം ॥
ചുറവും തീപ്പിടിപ്പെട്ടതു മൂലം തെററിയൊളിപ്പാൻ വഴി കാണാതെ ।
അത്യാകുലനായ്തീൎന്നിതുമ്പൊൾ വിധിശത്യാ വന്നിപ്പുരുഷനുമവിടെ ॥
മരണഭയത്താൽ നാമിന്നരനെ ശരണം പ്രാപിച്ചേനതു നേരം ।
ഇവനും നമ്മുടെ വിവശത കണ്ടിട്ടവനം ചെയ്വതിനായി മുതിൎന്നാൻ ॥
ഇക്കാണായൊരു സഞ്ചിയെയതിനായ് ചിക്കനൊരുവടിതന്മേൽ കെട്ടി ।
മൽകോടരമതിലേക്കതു കാട്ടി ഉൾക്കൌതുകമൊടു ഞാനതു നേരം ॥
നൂണു കടന്നസ്സഞ്ചിക്കുള്ളിൽ ദീനതയെന്നിയെ വാണിതു മോദാൽ ।
മാനവനെന്നെ താഴയിറക്കി ഞാനിതി സുഖമെ രക്ഷിതനായെൻ ॥
ഘാതകനാകിയ സൎപ്പത്തിന്മൊഴി സാദരമിങ്ങിനെ കേട്ട ദശായാം ।
കൈതവനിധിയാം മൃഗധൂൎത്തകനും ചേതസി ചിന്തിച്ചാനതു നേരം ॥
ഹാ ഹാ ദുൎമ്മതി പന്നഗമുള്ളിൽ സാഹായ്യത്തെ മറന്നിതു കാലം ।
സാഹസമോടിന്നരനെത്തരസാ ദ്രോഹിപ്പാൻ തുനിയുന്നിതു കഷ്ടം ॥
ചതിയന്മാൎക്കു സഹായം ചെയ്യാൽ ഗതിയിപ്പണ്ണം വന്നുളവാകും ।
മതിമാന്മാരിതു കണ്ടു സഹിപ്പതുചിതമല്ലതു കാരണമായിഹ ഞാൻ ॥
ധൃതിയൊടുമിന്നിച്ചതിയനെ വേഗാൽ മൃതിയുടെ കൈവശമേല്പിക്കേണം ।

താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരിക്കയാൽ,
പരീക്ഷിക്കപ്പെടുന്നവൎക്കു സഹായിപ്പാൻ മതിയാകുന്നു. എബ്ര. ൨, ൧൮.

ശക്തി നമുക്കില്ലെങ്കിലുമതിനൊരു യുക്തി പ്രയോഗിച്ചീടുവനധുനാ ||
ധൂൎത്തന്മാരൊടു ധൂൎത്തത കാട്ടാമോൎത്താൽ പാതകമില്ലതിനേതും |
ധാത്രിയിലതിനാൽ കീൎത്തി പരക്കും മൎത്ത്യർ വിശേഷാൽ പുകഴും നമ്മെ ||
ഇത്തരമോൎത്തു സൃഗാലനുമുള്ളിൽ സത്വരമുരഗത്തോടുര ചെയ്താൻ |
ഉത്ഭടപന്നഗ നിന്നുടെ വാക്യമൊരത്ഭുതമായ്തോന്നുന്നിതു ഹൃദയെ ||
ഏററം ചെറിയൊരു സഞ്ചിയിൽ നീ പോയ് ചുററിക്കൂടിയതെങ്ങിനെ സുമതെ |
ഇത്ര തടിച്ചൊരു നിന്റെ ശരീരം തത്ര പിടിപ്പതു ചിത്രം ചിത്രം ||
കണ്ണുകളാലിതു കണ്ടല്ലാതെ നണ്ണുവതിന്നു പ്രയാസമിനിക്കു |
വഞ്ചനമതിനു സമൎത്ഥതയേറും വഞ്ചകനിങ്ങിനെ ചൊന്നതു കേട്ടു ||
നെഞ്ചകമതിലതികൌതുകമോടക്കഞ്ചുകിയും കാണ്മെന്നുര ചെയ്തഥ |
ചഞ്ചലഹീനം പഥികനിൽനിന്നസ്സഞ്ചിയെ വാങ്ങിക്കൊണ്ടതിനുള്ളിൽ ||
കിഞ്ചന താമസമെന്നിയെ പുക്കാൻ പുഞ്ചിരി പൂണ്ടു സൃഗാലനുമപ്പോൾ |
സഞ്ചി മുറുക്കുകയെന്നുടനെ നയനാഞ്ചലമതിനാലഹിനയമേകി ||
പഞ്ചജനൻ ക്ഷണമതു ബോധിച്ചസ്സഞ്ചി മുറുക്കിക്കെട്ടി വരിഞ്ഞാൻ |
അഞ്ചാതവനൊരു വടിയാലുടനെ അഞ്ചാറുരു പ്രഹരിച്ചാൻ രുഷയാ ||
അസ്ഥി തകൎന്നഥ വീൎപ്പും മുട്ടിച്ചത്തിതു ദുഷ്ടൻ പന്നഗമൂഢൻ |
പ്രത്യുപകാരം ചെയ്യേണ്ടതു വിട്ടത്യുപകാരം ചെയ്വാൻ പോയാൽ ||
ഇത്തരമാപത്തത്യരമണയുവതെത്രയുമുത്തമമത്രെ നിനച്ചാൽ |
മൎത്ത്യനിവണ്ണം ജംബുകകൃപയാൽ മൃത്യുഭയം തീൎന്നാശു തെളിഞ്ഞു ||
അത്തലശേഷം വിട്ടഥ ശിവയോടത്യാദരമൊടു യാത്ര വഴങ്ങി |
ചിത്താനന്ദസമന്വിതനായ് നിജപത്തനസീമനി ചെന്നു വസിച്ചാൻ ||

പഴഞ്ചൊൽപാട്ടു.

കളമ്പാട്ടിന്റെ രീതി.

സത്യചങ്ങാതികളിൽ പരമാസ്സാധിപ്പിക്കയില്ലായുധശക്തി |
കള്ളമുള്ളൊരു മിത്രത്തിനേക്കാൾ കാഠിന്യമുള്ള ശത്രുക്കൾ നല്ലു ||
വിഗ്രഹാരാധനങ്ങൾ ചെയ്കീടും മൎത്ത്യൻമാനസെ മൃത്യു പാൎക്കുന്നു |
ബന്ധുതാപത്തിൽ വിഷമായിടുന്നു കാഞ്ഞിരംപോൽ കൈപ്പുള്ള ഹാസ്യം ||
മായമററു നടത്തിക്കുമല്ലൊ സ്നേഹമായൊരു വസ്തുവെപ്പോഴും |
തോഴൻ തന്നെ തിരിച്ചറിഞ്ഞീടാൻ നോക്കെണമവൻ സംസൎഗ്ഗജാലം ||
ആയുധങ്ങളോടു കലഹിക്കും വേല ശീലമില്ലാത്ത മനുഷ്യൻ |
മിന്നാമിന്നിപോൽ മിന്നുന്നതെല്ലാം പൊന്നല്ലെന്നതുമോൎത്തീടവേണം ||
ആവശ്യത്തിൽ തുണ ചെയ്കീടുന്ന മിത്രം മാത്രമെ മിത്രമാകുന്നു |
നന്മയായുള്ള നാമങ്ങളെല്ലാം ഏററം നല്ലതു പൊന്നിനേക്കാളും ||
വിത്തത്തിൽ വാഞ്ഛയേറും മനുഷ്യനെപ്പോഴും ഫലം ദാരിദ്ര്യമത്രെ |
നന്മയായുള്ള വാക്യങ്ങൾക്കേതും തിന്മ വന്നു പിണകയുമില്ല ||

അല്പമായുഴ പെയ്കയാൽ ഭൂമൌ കൂടീടുന്നു ചളികളതേററം ।
താമസിച്ചൊന്നു ചെയ്ക നല്ല ഒട്ടും തന്നെ ചെയ്യാത്തതിനേക്കാൾ ॥
ഏററം ഭൌ ഭൌ എന്ന കണക്കെ മേളമോടു കുരക്കുന്ന ശ്വാക്കൾ ।
ഒട്ടും സംശയം വേണ്ട മനസ്സിൽ ഒട്ടും വന്നു കടിക്കയുമില്ല ॥
എത്രയും കൈപ്പായങ്ങിരിക്കും പൊങ്ങച്ചക്കാരനായ മനുഷ്യൻ ।
ഓക്കിൽ താൻ പ്രവൃത്തിച്ച ഫലങ്ങൾക്കേറുംസ്വാദു ചെറുമധുവേക്കാൾ ॥
ദുഷ്ടന്മാരോടു കൂടുന്നതെക്കാൾ ഏകനായങ്ങിരിക്കുക നല്ല ।
നാളെ എന്നുള്ള നാമത്തിനേക്കാൾ ഇന്നെത്ത ദിവസം ഗുണമേറും ॥
ഒന്നുമില്ലാതിരിക്കുന്നതേക്കാൾ അല്പം വല്ലതെന്നാകിലും നന്നു ।
കാലുകൾ വഴുതീടുകിൽ ദോഷമേറവന്നു ഭവിക്കയുമില്ല ॥
നാവുകൾ വഴുതാതങ്ങിരിപ്പാൻ സൂക്ഷിച്ചീടുക വേണം മനുഷ്യൻ ।
സാവധാനേന ചെയ്ക വാശത്താം ശീഘ്രം പൂർത്തി വരുത്തയും ചെയ്ക ॥

തന്റേടം.

വിഡ്ഢിയതാകിയ വിപ്രനു പണ്ടൊരു മൌഢ്യം വന്നതു ഞാനുരചെയ്യാം ।
ധനവാനെന്നും ധീമാനെന്നും ധരണിയിലിങ്ങിനെ ധാർഷ്ട്യം പൂണ്ടു ॥
അന്ത്യജനങ്ങളെ നിന്ദിച്ചുംകൊണ്ടുന്നതഭാവം കോലും വിപ്രൻ ।
ഭക്ഷണവും തൻ കുക്ഷി നിറയ ഭക്ഷിച്ചമ്പൊടിരിക്കും സമയെ ॥
ഒരു ദിനമവനുടെ ജളമതിയിൽ കണ്ടരിവിതനല്ലൊരു കൃഷിയാകുന്നു ।
ധാന്യമതുഴിയിലിട്ടാൽ ധാന്യം നൂനം തണ്ഡുലമേവം വിളയും ॥
നെല്ലു വിതച്ചാൽ കണ്ടത്തിൽ പുനരല്ലലൊടില്ലത്തെത്തിപ്പാനും ।
സാഹസമിനിയുമനവധിയുണ്ടു ആഹാരത്തിന്നു രുചിയും കുറയും ॥
ഇത്തരമോർത്താവിഡ്ഢിച്ചാരുടെ പത്തനമതിലെ വിത്തതെടുത്തു ।
സർവ്വം കുത്തിച്ചരിയാക്കിച്ചിട്ടുർവ്വിയിൽ വാരി വിതച്ചിതു ഭോഷൻ ॥
വാസരവുമൊരു മൂന്നു കഴിഞ്ഞു വാസനയും വന്നെന്തൊരു ചിത്രം ।
കേചിദ്ദ്വിജവരരതുവഴിയായി ആശു വരുമ്പോൾ വന്നൊരു നാററം ॥
എന്തൊരു ഘ്രാണമിതെന്നു നിനച്ചവരന്തികെ നില്ക്കുന്നവനൊടു ചൊന്നാർ ।
എന്തട പുലയാ വല്ലാതുള്ളൊരു ജന്തു മരിച്ചു മണത്തീടുകയൊ ॥
ഇത്തരമവരുടെ വാക്കുകൾ കേട്ടു സത്വരമപ്പോൾ കാവല്ക്കാരൻ ।
ബുദ്ധിവിഹീനനതാകിയ ഞങ്ങടെ വിഡ്ഢിബ്രാഹ്മണമൌഢ്യമിദാനീം ॥
നിങ്ങടെ മുമ്പിൽനിന്നു കഥിപ്പാനിങ്ങതിലജ്ജ മുഴുത്തീടുന്നു ।
എന്നാലും പുനരെന്നുടെപോററി തന്നുടെവാർത്തയൊരല്പം പറയാം ॥
അരിവിത ചെയ്യാലരിവിളയുമ്പൊലതുകൊണ്ടരിവിത ചെയ്തുമൂലം ।
നാററംകൊണ്ടു സഹിപ്പാൻവഹിയാ ഏററം ജളനിവനെന്തൊരു വിഡ്ഢി ॥
ഇത്ഥമവൻ മൊഴികേട്ടവരും ബഹുകഷ്ടം കഷ്ടമിതെന്നുകഥിച്ചു ।
നാസികതന്മേൽ വിരലുംവെച്ചൊരു നാഴിനേരം നിന്നുദ്വിജന്മാർ ॥

പ്രഭുജന്മനിങ്ങിനെ ചെയ്യുതുമൂലം ത്രിഭുവനമെല്ലാം കീൎത്തിപരക്കും ।
എന്നു മനസ്സിൽ നണ്ണിക്കൊണ്ടു ചെന്നരചെയ്യാവിഷ്ഠിസമീപെ ॥
വിഷ്ഠിച്ചാരെ വിഷ്ഠിച്ചാരെ മൂഢതയെന്തിതബദ്ധം നൂനം ।
അരിവിതചെയ്യാൽ മുളവരികില്ല പാരം സാരം ഉമിയാകുന്നു ॥
എന്നു പറഞ്ഞപ്പോനവർ ഗമിച്ചു മന്ദനതാകിയജന്മനും പിന്നെ ।
അരിയഖിലംവിററുമിയും വാങ്ങി പാരിൽ വിതയും ഘോഷിച്ചപ്പോൾ ॥
അന്നും വന്നപ്പഥികന്മാരുമി മന്നിൽ വിതച്ചതുകണ്ടു ചിരിച്ചും ।
ക്ഷിപ്രം പ്രഭുജന്മസവിധെ ചെന്നാവിപ്രന്മാരിദമരുളിച്ചെയ്തു ॥
അല്ലയൊ വിഷ്ഠി കമതെ നിന്നൊടു ചൊല്ലിത്തന്നതറിഞ്ഞില്ലയൊ ।
ഉമിയിൽനിന്നു പിരിഞ്ഞാലരിയും അരിയിൽനിന്നു പിരിഞ്ഞാലുമിയും ॥
ഒരുനാളും ബതമുളവരികില്ലെന്നിരുവരുമിതമുരച്ചുമറഞ്ഞു ।
വിഷ്ഠിയുമവരുടെ വാക്കുകൾകേട്ടു മൌഢ്യം ഞാനിച്ചെയ്യുതുമയ്യൊ ॥
എന്നു നിനച്ചവനല്പൽ മുഴുത്തും ധാന്യം തന്നെ വിതച്ചിതു പിന്നെ ।
അന്യസഹായം കൂടാതിങ്ങിനെ തന്നിഷ്ടത്തിൽ മദിച്ചുനടന്നാൽ ॥
നിൎണ്ണയമിവനെ പോലെ ഭവിക്കും ബന്ധമതെന്നിയെ നണ്ണിക്കൊൾവിൻ ।

ഒരു സ്വപ്നം.

ഇപ്പോൾ വടക്കൻ അമേരിക്കയിൽ സൎവ്വദേശാധിപതിയായി വാഴുന്ന ഗ്രാണ്ടസായ്പവൎകൾ അറിയിച്ചതാവിതു: കുറയ കാലം മുമ്പെ ഞാൻ ദലവാറ നദീതീരത്തുള്ളൊരു ചെറിയ ഗ്രാമത്തിൽ ചിലദിവസം പാൎത്തുവരുമ്പോൾ, ഒരു രാവിലെ എഴുനീററ ശേഷം, ആളുകൾ അങ്ങിടിങ്ങിട്ടു ഓടിനടക്കുന്നതു കണ്ടു, ഇത എന്തു എന്നു ചോദിച്ചാറെ, അഞ്ചു വയസ്സുള്ള ഒരു പെണ്കുട്ടിയെ കാണുന്നില്ല, അവൾ വങ്കാട്ടിൽ തെററി വഴിയെ വിട്ടിരിക്കുന്നു. ഒരു വിധവയുടെ കുട്ടി തന്നെ; അയ്യൊ എന്നു എല്ലാം കേട്ട ഉടനെ ഞാൻ കുട്ടിയെ തേടി നടക്കുന്നവരോടു ചേൎന്നു, അന്വേഷിപ്പാൻ പുറപ്പെട്ടു, പരവശയായ അമ്മയും കൂട പോരുവാൻ ആരംഭിച്ചപ്പോൾ, ഞാൻ വിരോധിച്ചു. അമ്മ, നിങ്ങൾ ഇവിടെ തന്നെ പാൎക്കേണം; കുട്ടിയെ നിങ്ങളുടെ അടുക്കൽ കൊണ്ടു വരുവാൻ വേണ്ടുന്ന പ്രയത്നം ഞാൻ കഴിക്കും എന്നു പറഞ്ഞു സമ്മതം വരുത്തി. പിന്നെ ഞങ്ങൾ പല കൂട്ടങ്ങളായി പിരിഞ്ഞു ആ വങ്കാട്ടിൽ വ്യാപിച്ചു ഓരൊ ദിക്കിലും തിരക്കി നോക്കി നടന്നു, വൈകുന്നേരത്തു മുമ്പെ കുറിനിലം ആക്കി നിശ്ചയിച്ച കുന്നിൽ എല്ലാവരും എത്തി എങ്കിലും, കുട്ടിയെ എങ്ങും കണ്ടില്ല പോൽ. എല്ലാവരും ദുഃഖിച്ചു വലഞ്ഞിരിക്കുമ്പോൾ, ഒരു ഗ്രാമ

ക്കാരൻ മുതിൎന്ന കുട്ടിയെ കൊണ്ടു വരുന്നവന്നു ഞാൻ എന്റെ കൈയിൽനിന്നു ൧൦൦ ഉറുപ്പിക കൊടുക്കും എന്നു പറഞ്ഞാറെ, മററവരും ഞാനും ഞാനും അങ്ങിനെ തന്നെ ചെയ്യും എന്നു ചൊല്ലി കുട്ടിയെ രക്ഷിക്കുന്നവന്നു ൧൦൦൦ ഉറുപ്പിക കൊടുപ്പാൻ നിശ്ചയിച്ചു. എന്നാറെ, പലരും ചൂട്ടും പന്തങ്ങളും കൈയിൽ പിടിച്ചു, പുതുതായി കാട്ടിൽ അകപ്പെട്ടു, രണ്ടാമത അന്വേഷണം തുടങ്ങി. എനിക്ക തളൎച്ചയും അസൌഖ്യവും നന്ന വൎദ്ധിച്ചിരിക്കകൊണ്ടു, തേടുന്നവർ വേണ്ടുവോളം ഉണ്ടല്ലൊ എന്നു വിചാരിച്ചു വീട്ടിൽ ചെന്നു കിടന്നു എങ്കിലും സങ്കടവിചാരങ്ങൾ നിമിത്തം ഉറക്കം കിട്ടിയില്ല. ഇങ്ങിനെ ഏറിയ കാലം കിടക്കമേൽ ഉരുണ്ടുരുണ്ടു അഗാധം വീൎത്തശേഷം, കണ്ണു മയങ്ങി ഉറക്കം തുടങ്ങിയ ഉടനെ, മാന്യനായ ഒർ ആൾ എന്റെ അരികത്തു വന്നുനിന്നു കാണാത്ത കുട്ടിക്കു വേണ്ടി വ്യസനിക്കുന്നുവൊ? കുട്ടി കിടക്കുന്ന സ്ഥലം ഞാൻ കാണിച്ചു തരാം എന്നു കേട്ട ഉടനെ ഞാൻ ആയാളുടെ വഴിയെ ചെന്നു വൈകുന്നേരത്തു എല്ലാവരും എത്തി പാൎത്ത കുറിനിലമായ കുന്നിൽ എത്തി വലത്തോട്ടു തിരിഞ്ഞു പുല്ലും ചളിയും ഉള്ള താണഭൂമിയും കാടും കടന്നിട്ടു രണ്ടാം ഒരു കുന്നിനെ കയറിയാറെ, കരയുന്ന കുട്ടി ഇതാ എന്നിങ്ങിനെ എല്ലാം സ്വപ്നത്തിൽ കണ്ടു, ഉണൎന്നശേഷം വിസ്മയിച്ചു സ്വപ്നവിവരങ്ങൾ ഒക്കയും തെളിവായി തോന്നുകകൊണ്ടു, ഞാൻ അതികാലത്തു എഴുനീററു ഗ്രാമക്കാരുമായി പുതിയ അന്വേഷണത്തിന്നായി പുറപ്പെട്ടു, ദൈവസഹായം കൊണ്ടു കുട്ടിയെ അമ്മയുടെ കൈയിൽ ഏല്പിച്ചുകൊടുപ്പാൻ സംഗതി ഉണ്ടാകും എന്നു ഓൎത്തു സന്തോഷത്തോടെ മുന്നോട്ടു ചെല്ലുന്തോറും സ്വപ്നത്തിൽ തോന്നിയതു എല്ലാം കാണായി വന്നു. കുന്നിന്റെ മുകളിൽ എത്തിയാറെ, കുട്ടിയെ പോലെ ഒന്നു കിടക്കുന്നതു കണ്ടു, അടുക്കെ ചെന്നു കൈമേൽ തലവെച്ചു കിടക്കുന്ന; കുട്ടി തന്നെ അവൾ എന്നെ കണ്ടാറെ, മെല്ലെ അമ്മ അമ്മ എന്നു വിളിച്ചതു ഞാൻ കേട്ടു അതെ അമ്മയുടെ അടുക്കെ ഞാൻ നിന്നെ കൊണ്ടുപോകും എന്നു പറഞ്ഞു അവളെ കൈയിൽ എടുത്തു ആറു നാഴിക ദൂരത്തുള്ള അമ്മയുടെ മടിയിൽ ആക്കുവാൻ നടക്കുമ്പോൾ, ഒരുവൻ മുന്നോട്ടു ചെന്നു കുട്ടിയെ കണ്ടുകിട്ടിയ വൎത്തമാനം അമ്മയോടു അറിയിച്ചാറെ, അവൾക്കു സന്തോഷത്താലെ ബോധക്കേടുണ്ടായിട്ടു തളൎന്നു വീണു. സുബോധം വന്നു കുട്ടിയെ മടിയിൽ ചേൎത്തു തഴുകി തഴുകി, ചുംബിച്ചു സന്തോഷിച്ചു വരുമ്പോൾ,

എല്ലാവരുംകൂടി സ്തുതിച്ചു, ഗ്രാമക്കാരും എത്തി, മുൻനിശ്ചയിച്ച ൧൦൦൦ ഉറുപ്പിക സന്തോഷത്തോടെ എന്റെ കൈയിൽ വെച്ചാറെ, ഞാൻ ആ ദ്രവ്യം വാങ്ങി അങ്ങിനെ തന്നെ ആ ദാരിദ്ര്യമുള്ള വിധവയായ അമ്മെക്ക സമ്മാനിച്ചു കൊടുത്തു. പിന്നെ അവൾ ചൊന്ന അനുഗ്രഹവാക്കുകൾ പൊന്നിനേക്കാൾ മധുരമായി എന്റെ ചെവിയിൽ ശബ്ദിച്ചു. കുഞ്ഞങ്ങളിൽ ദൈവകടാക്ഷം ഉണ്ടു എന്നു ഈ സത്യമുള്ള ചരിത്രംകൊണ്ടു അറിയാം; അവരോടു ദോഷം ചെയ്യുന്നവരോടു ദൈവം താൻ ചോദിക്കും നിശ്ചയം,

ചികിത്സ.

൧. വിറപ്പനിക്കു: കാട്ടുതുളസിവേർ, വിഷ്ണുക്രാന്തിസമൂലം, ചുക്കു ഈ വക കഴഞ്ചു ൪, ൪. ഒർ ഇടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു കുറുക്കി ഉരി ആക്കി ജീരകംമേൽപൊടിയിട്ടു രണ്ടു നേരവും സേവിക്ക. ഇങ്ങിനെ ഏഴു ദിവസം കുടിച്ചാൽ പനി ശമിക്കും.

൨. വാച്ചുക്കു: കലമാങ്കൊമ്പു, മോററിൽ തഴച്ചു ൨ പണെത്തൂക്കം ഉഴക്കീച്ച പുളിച്ച മോററിൽ ൭ നാൾ സേവിക്ക. മൂത്രവാച്ച, കല്ലടപ്പു, അസ്ഥിസ്രാവം, എല്ലുരുക്കം എന്ന ഇവ ശമിക്കും.

൩. ശിശുക്കൾക്കു പീനസത്തിന്നു: പൊട്ടന്മാരെ ശിശ്രൂനാം ശിരസികഫഗദാൽ പീനസാദി കാണ്കിൽ, ചുട്ടമ്മാടോടതിട്ടിട്ടഥ സലിലമരുത്തെണ്ണ നൈ തേക്ക മുമ്പിൽ.

൪. മുറിക്കു: താർതാവൽ പച്ച എണ്ണയിൽ അരച്ചു തേക്ക. വെള്ളം മുറിക്കു തട്ടിക്കരുതു; വെള്ളീലത്തിരുൾ അരച്ചുതേക്ക, പൂഞ്ഞാൽപരുത്തിത്തിരുൾ അരച്ചുതേക്ക, ആനപ്പുന്തിരുൾ അരച്ചുതേക്ക, എല്ലാ ചെറു മുറികളും ശമിക്കും.

൫. കണ്ണിൽ വിഷവൃക്ഷപ്പാൽ തെറിച്ചാൽ, പച്ചവെള്ളം കടഞ്ഞ നുര എടുത്തൊഴുക്ക. ൬രു കണ്ണിൽ ആയാൽ, ചീരുടക്കയുടെ വെള്ളം ഉററിക്ക.

൬. ശിശുക്കൾക്കു അതിസാരത്തിന്നു: മധുകാദിവിഷാശുണ്ഠി, പിപ്പലീവില്വമാമ്പഴം ഇവ ആറു അരച്ചിട്ടു തെഞ്ചെത്തായവ സേവയാ, ശിശ്രൂനാം ച്ഛർദ്ദിസാരേതി ഇരശ്രൂലാതിസാരഹാ. മരുന്നു. ഇരട്ടിമധുരം, അതിവിടയം, ചുക്ക, തിപ്പലി, കൂവളത്തിൻ വേരിൻ കാതൽ, ഉറുമാമ്പഴത്തോടു ഇവ സമം കൊൾക.

൭. രാക്കണ്ണു കാണാത്തവർ: മീനാങ്കണ്ണി അരച്ചു ശീലയിൽ തേച്ചു നല്ലെണ്ണയിൽ മഷിവെച്ചു ആയതുകൊണ്ടു കണ്ണെഴുതുക.

൮. ചെവികുത്തിന്നു: ഇഞ്ചിനീററിൽ ഇന്തുപ്പരച്ചു ചെവിട്ടിൽ ഉററിക്ക. ചെവി ചോച്ചക്കും കുരുവിന്നും; ചെറുനാരങ്ങ തുരന്നു ഇന്തുപ്പു നിറച്ചു ശിലമൺചെയ്തു കരിയാതെ ചുട്ടു ആയതിൻെറ നീരെടുത്തു ആവണക്കെണ്ണയും ചേൎത്തു ചെവീലുററിക്ക.

൯. സൎവ്വാതിസാരത്തിന്നു: ജാതിക്ക, ജാതിപത്രി, അതിവിടയം, അയമോദകം, ജീരകം, കഞ്ചാവു, അവീൻ, ഉറുമാമ്പഴത്തോടു ഇവ സമം എടുത്തു അയമോദകവും ഉറുമാമ്പഴത്തോടും കഷായം വെച്ചു ആ വെള്ളത്തിൽ അരച്ചു കുന്നിപ്രമാണം ഗുളിക ഉരുട്ടി നിഴലിലുണക്കി ആ കഷായത്തിൽ തന്നെ സേവിക്ക. സൎവ്വാതിസാരങ്ങളെ ശമിപ്പിക്കുന്ന ഗരുഡഭ്രപതി ഗുളികയാകുന്നു.

ടപ്പാൽ ക്രമങ്ങൾ.

കത്തു പുസ്തകം ഭാണ്ഡം എന്നിവയുടെ തൂക്കത്തിൻ
പ്രകാരം ടപ്പാൽ കൂലിവിവരം.

൧. കത്തു.

തൂക്കം.			മുദ്രവില.
II ഉറുപ്പികത്തൂക്കം ഏറാത്തതിന്നു			പൈ ൩.
൧. ഉറു.	”	”	അണ ൧.
൨. ഉറു.	”	”	” ൨.
൩. ഉറു.	”	”	” ൩.
൪. ഉറു.	”	”	” ൪.

ഇങ്ങിനെ ഓരൊ ഉറുപ്പികയുടെയും അതിൻെറ വല്ല അംശത്തിൻെറയും തൂക്കം കയറുന്നതിന്നു ഓരോ അണയുടെ വില ഏറുകയും ചെയ്യും. ഒരു കത്തിന്നു വെച്ച മുദ്ര പോരാതെയായെന്നാൽ ആ പോരാത്ത മുദ്രയുടെയും ന്യായമായ കൂലിയുടെയും ഭേദത്തെ കത്തു വാങ്ങുന്നവർ ഇരട്ടിപ്പായി കൊടുക്കേണ്ടിവരും. മുദ്ര ഇല്ലാത്ത കത്തിന്നു ഇരട്ടിച്ച കൂലി ഉണ്ടു താനും. ൧൨ ഉറുപ്പിക തൂക്കത്തിന്നു

ഏറുന്നവ ഭാണ്ഡടപ്പാൽ നടക്കുന്ന കച്ചേരികളിൽ കത്തു എന്നു വെച്ചു എടുക്കയില്ല; ഭാണ്ഡത്തിൽ അത്രെ ചേൎക്കുന്നുള്ളു. ഭാണ്ഡമില്ലാത്ത കച്ചേരികളിൽ എടുക്കയും ചെയ്യും.

൨. പുസ്തകം.

പുസ്തകം വൎത്തമാനകടലാസ്സ മുതലായ എഴുത്തുകൾ ടപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ, അവറ്റെ രണ്ടു പുറത്തും തുറന്നിരിക്കുന്ന മെഴുത്തുണിയിൽ കെട്ടി "പുസ്തകടപ്പാൽ" എന്ന വാക്കിനെ തലക്കൽ എഴുതെണം. എന്നാൽ, ൧൦ ഉറുപ്പിക (1 റാത്തൽ) തൂക്കം ഏറാത്തതിന്നു ഒർ അണയുടെയും ൨൦ ഉറുപ്പികത്തൂക്കം ഏറാത്തതിന്നു രണ്ടു അണയുടെയും മുദ്രയെ പതിക്കെണം. പതുപ്പത്തു ഉറുപ്പികയൊ പത്തു ഉറുപ്പികയുടെ വല്ല അംശമൊ കയറുന്ന തൂക്കത്തിന്നു ഓരൊ അണ ടപ്പാൽ കൂലിയും കയറും. (പത്തു ഉറുപ്പിക ശരിയായ തൂക്കമുള്ള പുസ്തകത്തിന്റെ കൂലി ൧ അണ എങ്കിലും പത്തുറുപ്പികത്തൂക്കത്തിൽ ഒരു രോമംപോലും ഏറുന്നതിന്നു ൨ അണ.)

വ്യാപാരവസ്തുക്കളുടെ മാതിരി എങ്കിലും, പുസ്തകങ്ങൾ അല്ലാതെ, വേറെ വസ്തുക്കൾ ഭ്രമാൎഗ്ഗമായിരിക്കുന്ന ടപ്പാൽ വഴിയായി അയപ്പാൻ വിചാരിച്ചാൽ, ൧൦ ഉറുപ്പികത്തൂക്കത്തിൽ ഏറാത്തതിന്നു രണ്ടണയുടെയും ൨൦ ഉറുപ്പികത്തൂക്കത്തിൽ ഏറാത്തതിന്നു നാല് അണയുടെയും മുദ്രയെ പതിക്കെണം. പതുപ്പത്തുറുപ്പികയുടെ വല്ല അംശമൊ ഏറുന്നതിന്നു ഈരണ്ട് അണ ടപ്പാൽ കൂലിയും കയറും. ൨൦൦ ഉറുപ്പികത്തൂകത്തിൽ ഏറുന്ന വ്യാപാരവസ്തുക്കളെ എങ്കിലും കെട്ടുകളെ എങ്കിലും എടുക്കയില്ല. ടപ്പാൽവഴിയായി അയക്കുന്ന യാതൊരു കെട്ടിന്നും പററിച്ച മുദ്രവില പോരാതിരുന്നാൽ, ആ പോരാത്ത മുദ്രവില ഇരട്ടിച്ച വാങ്ങുന്നവൻ കൊടുക്കെണം. മുദ്രവെക്കാതെ ഈ ടപ്പാൽവഴിയായി ഒന്നും അയച്ചു കൂടാ. എന്നാൽ ഇ ഇംഗ്ലിഷ് സൎക്കാൎക്ക അധീനമായിരിക്കുന്ന ഹിന്തുരാജ്യങ്ങളുടെ ഏതു സ്ഥലത്തിലേക്കും മേല്പറഞ്ഞ തൂക്കമുള്ള കെട്ടിന്നും പുസ്തകത്തിന്നും മേല്പറഞ്ഞ കൂലിയും മതി. ഇങ്ങിനെയുള്ള കെട്ടുകളിന്മേൽ മേൽവിലാസമല്ലാതെ, യാതൊരു എഴുത്തും അരുത. വേറെ വസ്തുക്കളിൽ വെടിമരുന്നു, ഗന്ധകം, തീവെള്ളം മുതലായ നാശകരമായ വസ്തുക്കളെ അയച്ചുകൂട.

൩. ഭാണ്ഡം.

ടപ്പാൽമുഖാന്തരം സമുദ്രമാൎഗ്ഗമായിട്ടാകട്ടെ, ഭൂമാൎഗ്ഗമായിട്ടാകട്ടെ ഇന്ത്യയുടെ ഒരു ടപ്പാൽആപ്പീസ്സിൽനിന്ന മറെറാരു ആപ്പീസ്സിലേക്ക അയക്കുന്ന ഭാണ്ഡടപ്പാൽ കൂലി വിവരം.

ദൂരം.	൪൦ ഉറുപ്പികത്തുക്കത്തിൽ ഏറാതിരുന്നാൽ		൮൦ ഉറുപ്പികത്തുക്കത്തിൽ ഏറാതിരുന്നാൽ		ഏറിവരുന്ന എമ്പതഎമ്പതു ഉറുപ്പികക്കും അതിൻെറ അംശത്തിന്നും		സൂചകം.
	ഉ.	അ.	ഉ.	അ.	ഉ.	അ.	
൫൦൦ മൈല്സിന്ന ഏറാതിരുന്നാൽ	0	8	1	0	1	0	൬൪൦ ഉറുപ്പികത്തുക്കത്തിൽ ഏറിയാൽ കാൽനടയായി പോകുന്ന ഭാണ്ഡങ്ങൾ എടുക്കയില്ല. മററ ൨൦൦൦ ഉറുപ്പികത്തുക്കത്തിൽഏറിയിരിക്കുന്ന കെട്ടുകൾ യാതൊരു കാരണമായിട്ടും കൈക്കൊൾകയില്ല.
൫൦൦ മൈല്സിൽ ഏറിയാൽ	1	0	2	0	2	0	

ഇങ്ങിനെ അയക്കുന്ന കെട്ടുകളിൽ കത്തുകൾ ഒന്നും അരുത. ആയതിനെ മെഴുത്തുണികൊണ്ടു നല്ലവണ്ണം പൊതിഞ്ഞു അരക്ക്കൊണ്ടു മുദ്രയിട്ടു "ഇതിൽ റെഗ്യുലേഷിന്നു വിരോധമായി ഏതുമില്ല" എന്നു തലക്കൽ ഒരു എഴുത്തും അയക്കുന്നവരുടെ പേരും ഒപ്പും വെക്കുകയും വേണം. മേല്പറഞ്ഞ കൂലി പണമായിട്ടൊ മുദ്രയായിട്ടൊ കൊടുക്കുന്നതിൽ ഭേദം ഇല്ല. കൂലി കൊടുക്കാതെ അയച്ചാൽ, വാങ്ങുന്നവർ ഈ കൂലി തന്നെ കൊടുത്താൽ മതി.

പെരുനാളുകളുടെ വിവരം.

൧. ക്രിസ്ത്യപെരുനാളുകൾ.

ആണ്ടുപിറപ്പു	ജനുവരി	൧	ധനു	൧൯
പ്രകാശനദിനം	"	൬	"	൨൪
സപ്തതിദിനം	ഫിബ്രുവരി	൧൩	കുംഭം	൩
നോമ്പിന്റെ ആരംഭം	മാർച്ച്	൨	"	൨൦
നഗരപ്രവേശനം	എപ്രിൽ	൧൦	മീനം	൨൯
ക്രൂശാരോഹണം	"	൧൫	മേടം	൪
പുനരുത്ഥാനനാൾ	"	൧൭	"	൬
സ്വർഗ്ഗാരോഹണദിനം	മെയി	൨൬	എടവം	൧൪
ഇങ്ക്ലിഷരാജ്ഞി ജനിച്ച നാൾ	"	൨൪	"	൧൨
പെന്തക്കൊസ്തുനാൾ	ജൂൻ	൫	"	൨൪
ത്രീത്വനാൾ	"	൧൨	"	൩൧
യോഹന്നാൻ സ്നാപകൻ	"	൨൪	മിഥുനം	൧൧
ഒന്നാം ആഗമനനാൾ	നവെംബർ	൨൭	വൃശ്ചികം	൧൩
അന്ത്രയൻ	"	൩൦	"	൧൬
ക്രിസ്തൻ ജനിച്ചനാൾ	ഡിസെംബർ	൨൫	ധനു	൧൧
സ്തെഫാൻ	"	൨൬	"	൧൨
യോഹന്നാൻ സുവിശേഷകൻ	"	൨൭	"	൧൩

൨. ഹിന്തുക്കളുടെ പെരുനാളുകൾ.

വിഷു	മേടം	൧	എപ്രിൽ	൧൨
പിതൃകർമ്മം	കർക്കിടകം	൨൪	ജൂലായി	൨൮
തിരുവോണം	ചിങ്ങം	൨൩	സെപ്തെംബർ	൩
മകം	കന്നി	൮	"	൨൩

൩. മുഹമ്മദീയ പെരുനാളുകൾ.

ചെറിയ പെരുനാൾ	റമുള്ളാൻ	൨൯	ജനുവരി	൨
ബറാത്ത	ശബ്ബാൽ	൧൫	"	൧൭
ഹജ്ജി	ദുല്ഹജി	൧൫	മാർച്ച്	൧൭
മുഹരം	മുഹരം	൧	എപ്രിൽ	൨

LIST OF
MALAYALAM BOOKS.

മലയാള
പുസ്തകങ്ങളുടെ പട്ടിക.

	ഉ.	അ.	പൈ.
സത്യവേദ ഇതിഹാസം ൩ാം ഭാഗം.	0	1	0
സങ്കീൎത്തനം.	0	1	0
ക്രിസ്തുമാൎഗ്ഗത്തിന്റെ ഉപദേശസംഗ്രഹം	0	1	0
സഭാക്രമം	0	1	0
ഈരേഴ പ്രാൎത്ഥനകളും നൂറു വേദധ്യാനങ്ങളുമായ നിധിനിധാനം.	0	2	0
പവിത്രചരിത്രം.	0	8	0
സ്ഥിരീകരണപുസ്തകം.	0	0	4
നീതിമാൎഗ്ഗം.	0	0	2
യോഹാൻ ബപ്തിസ്തു ദസല്വ എന്ന ഒരു കാഫ്രിയുടെ ജീവിതം.	0	0	8
സത്യവിശ്വാസത്തെ കുറിച്ചുള്ള വാക്കുകൾ	0	1	0
ലുഥരിന്റെ ചെറിയ ചോദ്യോത്തരങ്ങളുടെ പുസ്തകം.	0	0	6
സത്യവേദകഥകൾ ഒന്നാം ഖണ്ഡം.	0	0	4
അഫ്രിക്കാന്റെ കഥ.	0	0	6
പടനായകനായ ഹവലൊക സായ്പിന്റെ ജീവചരിത്രം.	0	0	8
വിഗ്രഹാരാധനവും ക്രിസ്തീയധൎമ്മവും.	0	4	0
വലിയ പാഠാരംഭം	0	2	0
സഞ്ചാരിയുടെ പ്രയാണം.	0	4	0
ക്ഷേത്രഗണിതം.	0	6	0
മാനുഷഹൃദയം	0	2	0
സത്യവേദകഥകൾ ഒന്നാം ഖണ്ഡം.	0	2	6
,, രണ്ടാം ഖണ്ഡം	0	2	6
സത്യോപദേശം.	0	0	2
ആത്മാവും ദൈവവുമായിട്ടുള്ള സംഭാഷണം	0	0	2
സന്മരണവിദ്യ	0	0	4.
നീതിമാൎഗ്ഗം.	0	0	3
പാപഫലപ്രകാശനം	0	0	4
നളചരിതസാരശോധന	0	1	0
നല്ല ഇടയന്റെ അന്വേഷണചരിത്രം	0	0	3
ദേവവിചാരണ	0	1	0
പാപികളുടെ സ്നേഹിതൻ	0	0	6
First Malayalam Translator, with a Vocabulary	0	4	0

അതാ അകൃത്യം പ്രവൃത്തിക്കുന്നവർ വീണു
തള്ളിപ്പോകുന്നു, എഴുനീല്പാൻ കഴികയും ഇല്ല. സങ്കീ. ൩൬, ൧൨.

	ഉ.	അ.	പൈ.
മാർഗ്ഗനിശ്ചയം	0	0	3
സഞ്ചാരിയുടെ പ്രയാണചരിത്രചുരുക്കം	0	0	4
ക്രിസ്തന്റെ അവതാരം	0	0	2
ക്രിസ്താവതാരപാട്ട്	0	0	3
മതവിചാരണ	0	0	6
ഗർമ്മന്യരാജ്യത്തിലെ ക്രിസ്തസഭാനവീകരണം	0	1	6
മൈമാർഗ്ഗപാനം ഒന്നാം അംശം	0	0	6
" രണ്ടാം അംശം	0	0	6
സത്യവേദചരിത്രസാരം ഒന്നാം അംശം	0	0	3
പഞ്ചതന്ത്രം	0	12	0
സംഖ്യാവിദ്യ	0	3	0
ക്രിസ്തീയ ഗീതങ്ങൾ	0	8	0
ഇടയ ചരിത്രഗീതം	0	0	2
മലയാള ഭാഷാവ്യാകരണം	1	8	0
പുതിയ നിയമം	0	8	0
പൃവ്വമൈമാർഗ്ഗപാന	0	0	3
ഒരു ആയിരംപഴഞ്ചൊൽ	0	2	0
വജ്രസൂചി	0	0	6
കേരളോല്പത്തി	0	4	0
കേരളപഴമ	0	8	0
മലയാളരാജ്യം. ചരിത്രത്തോടു കൂടിയ ഭൂമിശാസ്ത്രം	0	4	0
രക്ഷാമാർഗ്ഗം	0	0	4
മുഹമ്മദചരിത്രം	0	0	3
ഹെന്രി ബൃസി എന്നവരുടെ കഥ	0	0	6
കസ്തൂലികാൎയ്യം	0	0	3
മെയ്യാന്ന്ക്രൂശ്	0	0	9
ഇങ്ക്ലീഷ വ്യാകരണം	0	3	6
ഭൂമിശാസ്ത്രം (Clift's Geography).	0	6	0

മലയാള ഇങ്ക്ലിഷ സ്കൂൾ ഡിക്ഷ്ണെറി അച്ചടിക്കുന്നുണ്ടു, ൧൮൭൦ ദിസംബർ മാസത്തിന്നുള്ളിൽ തീരും.

☞ To be had at the Mission Book and Tract Depository at ***Mangalore*** and at all the ***Stations*** of the German Mission of ***Malabar***.

ഈ പുസ്തകങ്ങൾ മംഗലപുരത്തിലെ മിശിയൻ ബുക്കശാപ്പിലും, മലയാളദേശത്തിലുള്ള ജൎമ്മൻമിശിയനു ചേൎന്ന, എല്ലാ സ്ഥലങ്ങളിലും കിട്ടും.



he

n Almanac

70.

ച ഞ്ചാംഗം

൭൦.

ഫൈൻഫ — ഫൈൻവ.

ഫൻവന്ന — ഫൻവ൬.

ഫ൦൙ ദ — ഫ൦൙ന്ന.

ഫവ൶ന്ന — ഫവ൶൬.

ഫവൈൻ — ഫവ൶൦.

ദ്ന്നമ൦ — ദ്ന്നമഫ.

ALORE:

THER, BASEL MISSION PRESS.